www.societytodaynews.com

2024 NOVEMBER
09
SATURDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഗതാഗത നിയമലംഘനം

# സംസ്ഥാനത്ത് ഒരു വർഷം റജിസ്റ്റർ ചെയ്തത് 62 ലക്ഷം കേസുകൾ



**തിരുവനന്തപുരം:** ഗതാഗതനിയമലംഘനം നടത്തിയതിനു സംസ്ഥാനത്ത് ഒരു വർഷത്തിനുള്ളിൽ റജിസ്റ്റർ ചെയ്തത് 62 ലക്ഷത്തിലധികം കേസുകൾ. 2023 ഒക്ടോബർ 1 മുതൽ 2024 സെപ്റ്റംബർ 30 വരെ 62,81,458 കേസുകൾ ആണ് റജിസ്റ്റർ ചെയ്തിരിക്കുന്നത്. 123 കോടിയിലേറെ രൂപയാണു പിഴത്തുകയായി സർക്കാർ ഈടാക്കിയത്. പിഴയായി 526 കോടിയിലേറെ രൂപയുടെ ചെലാൻ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. 2023 ജൂലൈ മുതൽ 2024 ജൂൺ വരെ നിയമലംഘനം നടത്തിയതിന്റെ പേരിൽ 18,537 ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തു.

11,21876 കേസുകളുമായി തിരുവനന്തപുരം ഏറ്റവും കൂടുതൽ ഗതാഗത നിയമലംഘനം നടത്തുന്ന ജില്ലയായി. വയനാട്ടിലാണ് ഏറ്റവും കുറവ് കേസുകൾ 6053 എണ്ണം. ഈ കാലയളവിൽ തിരുവനന്തപുരത്തുനിന്ന് 10 കോടി രൂപയോളം പിഴയായി ഈടാക്കിയിട്ടുണ്ട്. പാലക്കാട്ടുനിന്ന് 5,04,221 കേസുകളിൽ 17 കോടിയിലേറെ രൂപ പിഴ ചുമത്തി.

# ട്രംപിനെ വധിക്കാൻ ഇറാന്റെ ഗൂഢാലോചന; അഫ്ഗാൻ പൗരനെതിരെ കുറ്റം ചുമത്തി യുഎസ്

**വാഷിങ്ടൻ:** പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നതിനു മുൻപ് ഡോണൾഡ് ട്രംപിനെ വധിക്കാൻ ഗൂഢാലോചന നടത്തിയെന്ന് ആരോപിച്ച് അഫ്ഗാൻ പൗരനെതിരെ യുഎസ് സർക്കാർ കുറ്റം ചുമത്തി. ട്രംപിനെ കൊലപ്പെടുത്താൻ പദ്ധതി തയാറാക്കിയതിനു 51 കാരനായ ഫർഹാദ് ഷാക്കേരിക്കെതിരായാണ് കുറ്റം ചുമത്തിയത്. ഷാക്കേരിയെ അറസ്റ്റ് ചെയ്തിട്ടില്ലെന്നും ഇറാനിലാണ് ഇയാളെന്നാണു സൂചനയെന്നും യുഎസ് സർക്കാർ അറിയിച്ചു. മാൻഹട്ടൻ കോടതിയിൽ സമർപ്പിച്ച പരാതിയിൽ, ഇറാനിലെ റവല്യൂഷണറി ഗാർഡിലെ ഒരു ഉദ്യോഗസ്ഥൻ ട്രംപിനെ കൊല്ലാനുള്ള പദ്ധതി ആസൂത്രണം ചെയ്യാൻ സെപ്റ്റംബറിൽ ഷാക്കേരിയോട് നിർദ്ദേശിച്ചതായി പ്രോസിക്യൂട്ടർമാർ ആരോപിച്ചു.

ഏഴു ദിവസത്തിനുള്ളിൽ ട്രംപിനെ കൊല്ലാനുള്ള പദ്ധതി തയാറാക്കാൻ ഷാക്കേരിയോട് ഇറാനിലെ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടതായാണ് കുറ്റപത്രത്തിൽ പറയുന്നത്. എന്നാൽ ഏഴു ദിവസത്തെ സമയപരിധിക്കുള്ളിൽ ട്രംപിനെ കൊല്ലാനുള്ള ഒരു പദ്ധതി താൻ ഉദ്ദേശിക്കുന്നില്ലെന്ന് ഇയാൾ നിയമപാലകരോട് പറഞ്ഞു. അതിനാൽ ഇറാനിയൻ റവല്യൂഷണറി ഗാർഡ് ഉദ്യോഗസ്ഥർ പദ്ധതി താൽക്കാലികമായി നിർത്തി. തിരഞ്ഞെടുപ്പിനു ശേഷം ട്രംപിനെ വധിക്കാൻ ശ്രമിക്കുന്നത് എളുപ്പമാകുമെന്ന് ഇറാൻ സർക്കാർ ഷാക്കേരിയോട് പറഞ്ഞു. കാരണം അദ്ദേഹം തോൽക്കുമെന്ന് അവർ വിശ്വസിച്ചിരുന്നതായും പ്രോസിക്യൂട്ടർമാർ പറയുന്നു. കുട്ടിയായിരിക്കുമ്പോൾ യുഎസിൽ എത്തിയ അഫ്ഗാൻ ഭീകരനെന്നാണ് പ്രോസിക്യൂട്ടർമാർ ഷാക്കേരിയെ വിശേഷിപ്പിച്ചത്. കവർച്ച കേസിൽ 14 വർഷം ജയിലിൽ കിടന്നതിനു ശേഷം 2008ൽ നാടുകടത്തപ്പെട്ടു.

ഇറാന്റെ കടുത്ത വിമർശകനായ ഒരു അമേരിക്കൻ പത്രപ്രവർത്തകനെ കൊല്ലാൻ റിക്രൂട്ട് ചെയ്തതായി ആരോപിക്കപ്പെടുന്ന മറ്റ് രണ്ട് പേർക്കെതിരെയും നീതിന്യായ വകുപ്പ് കുറ്റം ചുമത്തിയിട്ടുണ്ട്. ഇവരെ വിചാരണയ്ക്കായി കസ്റ്റഡിയിലെടുത്തു. ഇറാനിയൻ ഭരണകൂടത്തിന്റെ മനുഷ്യാവകാശ ലംഘനങ്ങളെയും അഴിമതിയെയും കുറിച്ച് റിപ്പോർട്ട് ചെയ്ത അമേരിക്കൻ പത്രപ്രവർത്തകനെ കൊലപ്പെടുത്താൻ റിവേര, ലോഡ്ഹോൾട്ട് എന്നിവർക്കു 100,000 ഡോളറാണ് ഷാക്കേരി വാഗ്ദാനം ചെയ്തത്. പേരു വെളിപ്പെടുത്താത്ത മാധ്യമപ്രവർത്തകനെ മുൻപും ഇറാൻ ലക്ഷ്യമിട്ടിരുന്നതായി പ്രോസിക്യൂട്ടർമാർ ആരോപിച്ചു.

# ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 211 കോടി; കെഎസ്ആർടിസിക്ക് 30 കോടി

**തിരുവനന്തപുരം:** സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 211 കോടി രൂപ കൂടി സർക്കാർ സഹായം അനുവദിച്ചതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ. ജനറൽ പർപ്പസ് ഫണ്ട് ആണ് അനുവദിച്ചത്. ഗ്രാമ പഞ്ചായത്തുകൾക്ക് 150 കോടി ലഭിക്കും. ജില്ലാ പഞ്ചായത്തുകൾക്ക് 7 കോടിയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 കോടിയും അനുവദിച്ചു. മുൻസിപ്പാലിറ്റികൾക്ക് 26 കോടിയും, കോർപറേഷനുകൾക്ക് 18 കോടിയും വകയിരുത്തി. ഈ സാമ്പത്തിക വർഷം ഇതുവരെ 6250 കോടി രൂപയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറിയതെന്ന് ധനമന്ത്രി അറിയിച്ചു. കെഎസ്ആർടിസിക്ക് 30 കോടി രൂപ കൂടി സർക്കാർ അനുവദിച്ചതായി ധനകാര്യ മന്ത്രി അറിയിച്ചു. കഴിഞ്ഞ ആഴ്ചയിൽ 20 കോടി നൽകിയിരുന്നു. പ്രതിമാസം 50 കോടി രൂപ വീതമാണ് കോർപറേഷന് സർക്കാർ സഹായമായി നൽകുന്നത്. ഈ വർഷം ബജറ്റിൽ 900 കോടി രൂപയാണ് കെഎസ്ആർടിസിക്ക് വകയിരുത്തിയത്. ഈ സർക്കാർ ഇതുവരെ 6100 കോടി രൂപ കെഎസ്ആർടിസിക്കായി അനുവദിച്ചു.

# എയർ ഇന്ത്യ വിസ്താര ലയനം 12ന്

**ന്യൂഡൽഹി:** ഈ മാസം 12നു നടക്കുന്ന എയർ ഇന്ത്യ വിസ്താര വിമാനക്കമ്പനികളുടെ ലയനത്തിനു മുന്നോടിയായി മാനേജ്മെന്റ് തലത്തിൽ മാറ്റങ്ങൾ പ്രഖ്യാപിച്ച് എയർ ഇന്ത്യ. വിസ്താര സിഇഒ വിനോദ് കണ്ണൻ ലയനത്തിനു ശേഷം ചീഫ് ഇന്റഗ്രേഷൻ ഓഫിസറുടെ (സിഐഒ) ചുമതല വഹിക്കും. മാനേജ്മെന്റ് കമ്മിറ്റി അംഗമായ അദ്ദേഹം, എയർ ഇന്ത്യ സിഇഒ കാംബെൽ വിൽസന് നേരിട്ട് റിപ്പോർട്ട് ചെയ്യും. വിസ്താരയുടെ ചീഫ് കൊമേഴ്സ്യൽ ഓഫിസർ ദീപക് രജാവത്ത്, പുതുതായി വിപുലീകരിച്ച എയർ ഇന്ത്യ എക്സ്പ്രസിൽ ചീഫ് ഫിനാൻഷ്യൽ ഓഫിസറാകും. സിഇഒ അലോക് സിങ്ങിനാണ് റിപ്പോർട്ട് ചെയ്യേണ്ടത്. ഗ്രൂപ്പിന്റെ പുതിയ പദ്ധതികളിൽ സിഎഫ്ഒ സഞ്ജയ് ശർമയ്ക്ക് ആവശ്യമായ പിന്തുണ നൽകും.

എയർ ഇന്ത്യ എക്സ്പ്രസിന്റെ നിലവിലെ സിഎഫ്ഒ വികാസ് അഗർവാൾ എയർ ഇന്ത്യയിൽ പുതിയ ചുമതലയിലേക്ക് മാറും. വിസ്താരയുടെ എസ്‌വിപി ഫ്ലൈറ്റ് ഓപ്പറേഷൻസ് ക്യാപ്റ്റൻ ഹാമിഷ് മാക്സ്‌വെൽ, എയർ ഇന്ത്യ എക്സ്പ്രസ് സിഇഒ അലോക് സിങ്ങിന്റെ മുഖ്യ ഉപദേശകനാകും. എയർ ഇന്ത്യ എക്സ്പ്രസിന്റെ ചീഫ് ഓപ്പറേഷൻസ് ഓഫിസർ ക്യാപ്റ്റൻ പുഷ്പീന്ദർ സിങ് വീണ്ടും ഫ്ലൈയിങ് വിഭാഗത്തിലേക്ക് മടങ്ങി. ഇദ്ദേഹത്തിന്റെ പിൻഗാമിയെ പിന്നീട് പ്രഖ്യാപിക്കും. വിസ്താരയിലെ മറ്റു ചില മുതിർ ഉദ്യോഗസ്ഥർക്ക് ടാറ്റ ഗ്രൂപ്പിലെ മറ്റു ചില കമ്പനികളിൽ നിയമനം നൽകും.





കെ.സി.എൽ ജൂനിയർ സീസൺ 2 ഇന്റർ സ്കൂൾ ഫുട്ബോൾ ടൂർണമെന്റ് കൊച്ചിൻ പബ്ലിക്ക് സ്കൂൾ മൈതാനിയിൽ കെ.എം.എം കോളജ് ചെയർമൻ എ.എം അബൂബക്കർ ഉദ്ഘാടനം ചെയ്യുന്നു.ഡോ. ഷബനാ ബക്കർ, നവാസ് ദാവൂദ്, ഫഹ്മിദ ഫിയാസ് തുടങ്ങിയവർ സമീപം

## ഇന്റർ സ്കൂൾ ഫുട്ബോൾ ടൂർണമെന്റ്

**കൊച്ചി:** കെ.സി.എൽ ജൂനിയർ സീസൺ 2 ഇന്റർ സ്കൂൾ ഫുട്ബോൾ ടൂർണമെന്റിന് കൊച്ചിൻ പബ്ലിക്ക് സ്കൂൾ മൈതാനിയിൽ തുടക്കമായി. കെ.എം.എം കോളജ് ചെയർമൻ എ. എം അബൂബക്കർ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പാൾ ജബീന ഇബ്രാഹിം അധ്യക്ഷത വഹിച്ചു. കെ.എം.എം കോളജ് വൈസ് പ്രിൻസിപ്പാൾ ലെഫ്റ്റനന്റ് ഡോ. അനീബ്. കെ. ജോസ് മുഖ്യ അതിഥിയായിരുന്നു. കൊച്ചിൻ പബ്ലിക്ക് സ്കൂളിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ടൂർണമെന്റിൽ എറണാകുളം ജില്ലയിൽ സി.ബി.എസ്.ഇ സ്കൂളിൽ നിന്നുള്ള 29 ടീമുകളാണ് ചാംപ്യൻഷിപ്പിൽ പങ്കെടുക്കുന്നത്.

## ഇടുക്കിയിലേക്ക് വിമാനമെത്തുന്നു : ജലവിമാനമിറങ്ങുന്നത് മാട്ടുപ്പെട്ടി ജലാശയത്തിൽ

**കൊച്ചി:** ഇടുക്കിയുടെ ചരിത്രത്തിലാദ്യമായി ജലവിമാനമെത്തുന്നു. മൂന്നാറിലെ മാട്ടുപ്പെട്ടി ജലാശയത്തിലാണ് സീപ്ലെയിൻ ഇറങ്ങുക. നവംബർ 11 തിങ്കളാഴ്ച രാവിലെ 11 ന് മാട്ടുപ്പെട്ടിയുടെ ജലപ്പരപ്പിലേക്ക് സീപ്ലെയിൻ താണിറങ്ങും. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. എം എൽ എമാരായ എ. രാജ,എം. എം. മണി എന്നിവർ സന്നിഹിതരായിരിക്കും.

കൊച്ചി ബോൾഗാട്ടി പാലസിൽ നവംബർ 11 രാവിലെ 9.30ന് വ്യവസായവകുപ്പ് മന്ത്രി പി രാജീവിന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ ടൂറിസം, പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ്‌റിയാസാണ് മാട്ടുപ്പെട്ടി ജലാശയത്തിലേക്കുള്ള ജലവിമാനത്തിന്റെ പരീക്ഷണപ്പറക്കൽ ഫ്ലാഗ് ഓഫ് ചെയ്യുക.

കെ എസ് ഇ ബിയുടെ പള്ളിവാസൽ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ ജലാശയമാണ് മാട്ടുപ്പെട്ടിയിലേത്. ടൂറിസം രംഗത്ത് ഇടുക്കിക്ക് വലിയ പ്രതീക്ഷയാണ് സീപ്ലെയിനിന്റെ പരീക്ഷണപ്പറക്കൽ നൽകുന്നത്. റോഡ് മാർഗ്ഗം കൊച്ചിയിൽ നിന്നും കോഴിക്കോട് നിന്നുമൊക്കെ നേരിട്ട് പറന്നിറങ്ങാമെന്നത് വിദേശ വിനോദ സഞ്ചാരികളെ ഇടുക്കിയിലേക്ക് ആകർഷിക്കും.

കരയിലും വെള്ളത്തിലും ഇറങ്ങാനും പറന്നുയരാനും കഴിയുന്ന ആംഫീബിയൻ വിമാനങ്ങളാണ് സീ പ്ലെയിനുകൾ. വലിയ ജനാലകൾ ഉള്ളതിനാൽ കാഴ്ചകൾ നന്നായി കാണാനാകും. മൂന്നാറിന്റെയും പശ്ചിമഘട്ടത്തിന്റെയും ആകാശക്കാഴ്ചകളിലൂടെയുള്ള സഞ്ചാരം യാത്രികർക്ക് മികച്ച അനുഭവമായിരിക്കും സമ്മാനിക്കുക. എയർ സ്ട്രിപ്പുകൾ നിർമ്മിച്ച് പരിപാലിക്കുന്നതിനുള്ള വലിയ ചെലവ് ഒഴിവാകുന്നുവെന്നതും ജലവിമാനങ്ങളുടെ ആകർഷണീയതയാണ്.

ഇടുക്കിയിലെ മാട്ടുപ്പെട്ടി, പാലക്കാട്ടെ മലമ്പുഴ, ആലപ്പുഴയിലെ വേമ്പനാട്, കായൽ കൊല്ലം അഷ്ടമുടിക്കായൽ, കാസർകോട്ടെ ചന്ദ്രഗിരിപ്പുഴ, തിരുവനന്തപുരത്ത് കോവളം തുടങ്ങി കേരളത്തിലെ പ്രമുഖ ജലാശയങ്ങളെയും , വിവിധ വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി സീപ്ലെയിൻ ടൂറിസം സർക്യൂട്ട് രൂപപ്പെടുത്താനും സർക്കാർതലത്തിൽ ആലോചനയുണ്ട്.

## എസ്എഇ ഇന്ത്യ സുപ്രാ 2024ൽ നേട്ടങ്ങളുമായി കുസാറ്റിന്റെ യെതി റേസിംഗ് ടീം

**കൊച്ചി:** നോയിഡയിലെ ബുദ്ധ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടന്ന എസ്എഇ ഇന്ത്യ സുപ്രാ 2024ൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് എഞ്ചിനീയറിംഗിനെ പ്രതിനിധീകരിക്കുന്ന ഫോർമുല സ്റ്റുഡന്റ് ടീമായ യെതി റേസിംഗ് മികവുകൾ കാഴ്ച വച്ചു. ദേശീയ ടീമുകളോട് മത്സരിച്ച കുസാറ്റിൽ നിന്നുള്ള 24 അംഗ ടീം പരിപാടിയിൽ ഒമ്പതാം റാങ്ക് കരസ്ഥമാക്കി.

എസ്എഇ ഇന്ത്യ സുപ്രായുടെ ചരിത്രത്തിൽ തന്നെ എൻഡുറൻസ് റേസ് പൂർത്തിയാക്കിയ കേരളത്തിൽ നിന്നുള്ള ആദ്യ ടീമാണ് യെതി റേസിംഗ്.

# ഷട്കാല ഗോവിന്ദമാരാർ സംഗീതോത്സവത്തിന് ഇന്ന് തിരിതെളിയും

**കൊച്ചി:** കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന ഷട്കാല ഗോവിന്ദമാരാർ സംഗീതോത്സവത്തിന് ഇന്ന് രാമമംഗലത്ത് തിരിതെളിയും. ഷട്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഈ ദ്വിദിന സംഗീതോത്സവം ഇന്ന് വൈകീട്ട് 5.30 ന് അക്കാദമി ചെയർമാൻ മട്ടന്നൂർ ശങ്കരൻകുട്ടി ഉദ്ഘാടനം ചെയ്യും.അഡ്വ.അനൂപ് ജേക്കബ് എം.എൽ. എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഷട്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതി പ്രസിഡണ്ട് പ്രൊഫ.ജോർജ്ജ് .എസ് .പോൾ ആമുഖ പ്രഭാഷണം നടത്തും.. അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി മുഖ്യപ്രഭാഷണം നടത്തും. കഥകളിച്ചെണ്ട കലാകാരൻ ആർ.എൽ.വി.സുബ്രഹ്മണ്യൻ നമ്പൂതിരി ചടങ്ങിൽ ആദരിക്കും. രാമമംഗലം പഞ്ചായത്ത് പ്രസിഡണ്ട് പി.വി സ്റ്റീഫൻ , ജില്ലാ പഞ്ചായത്ത് അംഗം ആശ സനിൽ, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ജിജോ ഏലിയാസ് എന്നിവർ സംസാരിക്കും. അക്കാദമി പ്രോഗ്രാം ഓഫീസർ പി.കെ അനിൽകുമാർ സ്വാഗതവും ഷട്കാല ഗോവർമാർ സ്മാരക കലാസമിതി സെക്രട്ടറി കെ. ചന്ദ്രൻ നായർ നന്ദിയും പറയും.

താഴൂത്തേടത്ത് മുരളീധരമാരാരും സംഘവും കാലത്ത് ഒൻപത് മണിക്ക് ഷാട് കാല ഗോവിന്ദമാരാർ സ്മാരക കലാസമിതി ഓഡിറ്റോറിയത്തിൽ അവതരിപ്പിക്കുന്ന കേളിയോടെയാണ് സംഗീതോത്സവത്തിന് തുടക്കം കുറിക്കുന്നത്. 9.30 ന് തൃക്കാമ്പു ജയന്റെ സോപാന സംഗീതവും പത്തിന് വി .ജയദേവൻ,ഡോ.ആർ.എൽ.വി.ഗിരിജ, നെച്ചൂർ ആർ. രതീശൻ തുടങ്ങിയവർ നയിക്കുന്ന ത്യാഗരാജ പഞ്ചരത്ന കീർത്തനാലാപനവും അരങ്ങേറും. ഉച്ചയ്ക്ക് മൂന്ന് മണിക്ക് കാവിൽ സുന്ദരൻമാരാരും സംഘവും അവതരിപ്പിക്കുന്ന പരിഷവാദ്യംഅരങ്ങേറും. ഉദ്ഘാടന സമ്മേളനത്തിനുശേഷം വൈകീട്ട് ഏഴുമണിക്ക് ഡോ .സദനം കെ.ഹരികുമാറും സംഘവും അവതരിപ്പിക്കുന്ന സംഗീതക്കച്ചേരിയും അരങ്ങേറും .കച്ചേരിയിൽ പ്രൊഫ ആർ.സ്വാമിനാഥൻ(വയലിൻ), കല്ലേക്കുളങ്ങര ഉണ്ണികൃഷ്ണൻ(മൃദംഗം),ദിപു ഏലംകുളം(ഘടം) എന്നിവരും അണിനിരക്കും.സംഗീതോത്സവത്തിന്റെ രണ്ടാംദിനമായ നവംബർ പത്തിന് രാവിലെ പത്തിന് നെച്ചൂർ ആർ.രതീശൻ നയിക്കുന്ന ഷട്കാലഗോവിന്ദ പഞ്ചരത്നകീർത്തനാലാപനവും തുടർന്ന് കച്ചേരിയും അരങ്ങേറും. ഉച്ചയ്ക്ക് മൂന്ന് മണിക്ക് വിശ്വരാജ് വിനയകുമാറും വേദ വിനയകുമാറും അവതരിപ്പിക്കുന്ന സോപാന സംഗീതമാണ് ആ ദിവസത്തെ

മറ്റൊരു പ്രധാനപ്പെട്ട പരിപാടി. വൈകീട്ട് അഞ്ചുമണിക്ക് നടക്കുന്ന സമാപന സമ്മേളനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് സീമിത എൽദോസ് ഉദ്ഘാടനം ചെയ്യും. അക്കാദമി നിർവ്വാഹക സമിതി അംഗം ജോൺ ഫെർണാണ്ടസ് അധ്യക്ഷത വഹിക്കും. രാത്രി ഏഴുമണിക്ക് ഡോ.രാജശ്രീ വാര്യർ അവതരിപ്പി ക്കുന്ന ഭരതനാട്യത്തോടെ പരിപാടികൾക്ക് തിരശ്ശീല വീഴും.



# കൃത്രിമ പ്രജനനത്തിലൂടെ ഉൽപാദിപ്പിച്ച വറ്റ മീൻ പ്രദർശനകൃഷിയ്ക്ക് കുമ്പളങ്ങിയിൽ തുടക്കം

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വിഴിഞ്ഞം ഹാച്ചറിയിൽ കൃത്രിമ പ്രജനനത്തിലൂടെ ഉൽപാദിപ്പിച്ച വറ്റ മത്സ്യക്കുഞ്ഞുങ്ങളെ ഉപയോഗിച്ച് എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെവികെ) നടത്തുന്ന പ്രദർശന കൃഷിക്ക് കുമ്പളങ്ങിയിൽ തുടക്കം.

ഫിഷറീസ് മന്ത്രി സജി ചെറിയാൻ കൃഷി ഉൽഘാടനം ചെയ്തു. കെ ജെ മാക്സി അധ്യക്ഷത വഹിച്ച ചടങ്ങിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്ജ് മുഖ്യാതിഥിയായിരുന്നു.

മൽസ്യകർഷകർ ഒരു ജലാശയങ്ങളിൽ കൃഷി ചെയ്തുവരുന്ന നല്ല വില ലഭിക്കുന്ന മത്സ്യമാണ് വറ്റ. എന്നാൽ ഹാച്ചറികളിൽ ഇവയുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ ഇല്ലാതിരുന്നതിനാൽ ജലാശയങ്ങളിൽ നിന്നും പിടിച്ചെടുക്കുന്ന തുച്ഛമായ എണ്ണം കുഞ്ഞുങ്ങളെ ആശ്രയിക്കുകയേ കർഷകർക്ക് നിവൃത്തിയുണ്ടായിരുന്നുള്ളു.

എന്നാൽ ഈ അടുത്ത കാലത്താണ് സി.എം.എഫ്.ആർ.ഐ. ഇന്ത്യയിലാദ്യമായി വറ്റയുടെ കുഞ്ഞുങ്ങളെ കൃത്രിമ പ്രജനനത്തിലൂടെ ഉൽപാദിപ്പിച്ചത്. ഈ കുഞ്ഞുങ്ങളെ ഉപയോഗിച്ച് എറണാകുളം കെവികെ നടത്തുന്ന പ്രദർശന കൃഷിയാണ് തോമസ് മാഷിന്റെ കൃഷിയിടത്തിൽ പുരോഗമിക്കുന്നത്.

കെവികെയിലെ വിദഗ്ധരുടെ മേൽനോട്ടത്തിൽ കൃത്യമായ ഇടവേളകളിൽ മീനുകളുടെ വളർച്ചാനിരക്കും ആവശ്യമായ തീറ്റയുടെ അളവും ജല ഗുണനിലവാരവും മൽസ്യങ്ങളുടെ ആരോഗ്യസ്ഥിതിയും നിരീക്ഷണവിധേയമാക്കും. അടുത്ത 15 മാസംവരെ നീണ്ടുനിൽക്കുന്ന പ്രദർശന കൃഷിയിൽ മീൻ ഒന്നിന് ശരാശരി ഒന്നര കിലോ തൂക്കമാണ് പ്രതീക്ഷിക്കുന്നത്.

# കുസാറ്റ്: സിഐആർഎമ്മിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സെന്റർ ഫോർ ഇൻഫർമേഷൻ റിസോഴ്സ് മാനേജ്മെന്റിൽ (സിഐആർഎം) കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർക്ക് ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്ന് കുറഞ്ഞത് 55% മാർക്കോടെ കമ്പ്യൂട്ടർ സയൻസ്/ഇൻഫർമേഷൻ ടെക്നോളജിയിൽ ബി.ടെക് അല്ലെങ്കിൽ തത്തുല്യ ബിരുദവും ലിനക്സ് അധിഷ്ഠിത നെറ്റ്വർക്ക്/സെർവർ മാനേജ്മെന്റിൽ സർക്കാർ സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എവിടെയെങ്കിലും 7 വർഷത്തെ പ്രവർത്തിപരിചയവും ഉണ്ടായിരിക്കണം. അല്ലെങ്കിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗിലോ ഇൻഫർമേഷൻ ടെക്നോളജിയിലോ 3 വർഷത്തെ ഡിപ്ലോമ, അംഗീകൃത ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് കുറഞ്ഞത് 55% മാർക്കോടെ ലിനക്സ് അധിഷ്ഠിത നെറ്റ്വർക്ക്/സെർവർ മാനേജ്മെന്റിൽ സർക്കാർ സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ എവിടെയെങ്കിലും 10 വർഷത്തെ പരിചയം എന്നിവ ഉണ്ടായിരിക്കണം.

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ 29112024നോ അതിനുമുമ്പോ recruit.cusat.ac.in വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷയുടെ ഒപ്പിട്ട ഹാർഡ് കോപ്പി (പ്രായം, യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പുകൾ സഹിതം) 'രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, കൊച്ചി22' എന്ന വിലാസത്തിൽ 06.12.2024നോ അതിനുമുമ്പോ ലഭിക്കത്തക്കവിധം അയക്കണം.

# മാതൃഭാഷാപുരസ്കാരം സി. കെ. ജാനുവിന്



**കൊച്ചി:** മാതൃഭാഷയുടെ സംരക്ഷണത്തിനും വികാസത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഏർപ്പെടുത്തിയിട്ടുള്ള പ്രദീപൻ പാമ്പിരികുന്ന് സ്മാരക മാതൃഭാഷാപുരസ്കാരത്തിന് ഈ വർഷം സി. കെ. ജാനു അർഹയായതായി വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അറിയിച്ചു. 10,000/ രൂപയും ശിലാഫലകവുമാണ് അവാർഡ്.

മലയാളഭാഷയുടെ പദവീപരമായ ഉയർച്ചയോടൊപ്പം പ്രധാനമാണ് മാതൃഭാഷയ്ക്കകത്ത് നടക്കേണ്ട ജനാധിപത്യ ശ്രമങ്ങളും. മലയാള പൊതുമണ്ഡലത്തിന്റെ അരികുകളിൽ ജീവിക്കേണ്ടി വന്ന മനുഷ്യരുടെ അനുഭവ ചരിത്രങ്ങളും അനുഭൂതികളും വൈകാരികതകളും ജീവിതമൂല്യങ്ങളും കൂടി ചേരുമ്പോഴാണ് മാതൃഭാഷാജനാധിപത്യം യാഥാർത്ഥ്യമാവുന്നത്. ആ ദിശയിൽ, കേരളത്തിലെ ആദിവാസി ഗോത്ര സമൂഹങ്ങളുടെ സമ്പന്നമായ അനുഭവ ലോകത്തെ ഭാഷയിലേക്ക് ഉൾച്ചേർക്കുന്നവയാണ് സി. കെ. ജാനുവിന്റെ ആത്മകഥകൾ എന്ന് പുരസ്കാര സമിതി നിരീക്ഷിച്ചു. മലയാളത്തിന്റെ ജനാധിപത്യപരമായ ഉള്ളടക്ക സ്വഭാവം വികസിപ്പിക്കുന്നതിൽ ഈ രചനകൾ തനതായ പങ്ക് വഹിക്കുന്നുണ്ട്. ആ ശ്രമങ്ങളെ മികവാർന്ന ഭാഷാപ്രവർത്തനമായി കണ്ടുകൊണ്ടാണ് ഈ വർഷത്തെ പ്രദീപൻ പാമ്പിരികുന്ന് സ്മാരക മാതൃഭാഷാപുരസ്കാരം സി.കെ. ജാനുവിന് സമർപ്പിക്കാൻ പുരസ്കാരസമിതി തീരുമാനിച്ചതെന്ന് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി പറഞ്ഞു.

നവംബർ 14ന് സർവകലാശാലയിൽ നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി പുരസ്കാരം സമർപ്പിക്കും. രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ്, ഡോ. സജിത കെ. ആർ, ഡോ. എം. സി. അബ്ദുൾനാസർ, ഡോ. ബിച്ചു. എക്സ്. മലയിൽ എന്നിവർ അംഗങ്ങളുമായ സമിതിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്.

# ഖാദി തുണിത്തരങ്ങൾക്ക് റിബേറ്റ്

**കൊച്ചി:** കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മണ്ഡല കാലം പ്രമാണിച്ച് ഖാദി തുണിത്തരങ്ങളുടെ നവംബർ ഒമ്പതു മുതൽ 16 വരെയുള്ള വിൽപനക്ക് 20 ശതമാനം മുതൽ 30 ശതമാനം വരെ സർക്കാർ റിബേറ്റ് അനുവദിക്കും. എറണാകുളം ജില്ലയിലെ ഖാദി ബോർഡിന്റെ കീഴിലുള്ള അംഗീകൃത വിൽപനശാലകളായ ഖാദി ഗ്രാമസൗഭാഗ്യ കലൂർ, നോർത്ത് പറവൂർ, പെരുമ്പാവൂർ, കാക്കനാട്, കൂത്താട്ടുകുളം, ഖാദി സൗഭാഗ്യ മൂവാറ്റുപുഴ, പായിപ്ര, മലയിടം തുരുത്ത് ഗ്രാമ സൗഭാഗ്യ പഴന്തോട്ടം, മൂക്കന്നൂർ, ശ്രീമൂലനഗരം എന്നീ വിൽപനശാലകളിൽ നിന്നും ആനുകൂല്യം ലഭിക്കും.



# ബംഗാൾ ഗവർണർ ഡോ. സി വി ആനന്ദ ബോസ് ത്രിദിന ബംഗാൾ കലോത്സവം ഉദ്ഘാടനം ചെയ്തു

## ബംഗാളിലെ തനത് കലകൾ ആസ്വദിക്കാനുള്ള അപൂർവ അവസരം

**കൊച്ചി :** സാഹിത്യവും സംസ്കാരവും കലയും ബംഗാളിലെ ജനങ്ങളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നതാണ്,എന്ന് പശ്ചിമ ബംഗാൾ ഗവർണർ ഡോ. സി വി ആനന്ദ ബോസ് പറഞ്ഞു. ബംഗാളി സമൂഹത്തിന്റെ ത്രിദിന കലോത്സവം

കൊച്ചിയിൽ കേരള ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഗവർണർ. ടാഗോറിന്റെയും വള്ളത്തോളിന്റെയും കൃതികളെക്കുറിച്ചും കേരളത്തിന്റെയും ബംഗാളിന്റെയും സംസ്കാരങ്ങൾ തമ്മിലുള്ള സാമ്യതകളെ കുറിച്ചും അദ്ദേഹം സംസാരിച്ചു.

കേരളത്തിൽ സംഘടിപ്പിക്കുന്ന രണ്ടാമത്തെ ബംഗാൾ കലോത്സവമാണ് ഇതെന്നും ആദ്യത്തേത് കൊല്ലത്ത് സംഘടിപ്പിച്ചതായും ഗവർണർ പറഞ്ഞു. ഉദ്ഘാടന വേളയിൽ ബംഗാളിൽ നിന്ന് 65 ഓളം കലാകാരന്മാർ കേരളത്തിലെത്തിയിട്ടുണ്ടെന്നും കേരളത്തിലെ കലാകാരന്മാരെ ബംഗാളിലേക്ക് സ്വാഗതം ചെയ്യുന്നതായും ഡോ. ബോസ് പറഞ്ഞു.

കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ കീഴിലുള്ള സാംസ്കാരിക സ്ഥാപനങ്ങളായ സൗത്ത് സോൺ കൾച്ചറൽ സെന്റർ, ഈസ്റ്റേൺ സോൺ കൾച്ചറൽ സെന്റർ എന്നിവ സംയുക്തമായി കൊച്ചിൻ ഫൈൻ ആർട്സ് സൊസൈറ്റിയുമായി സഹകരിച്ചാണ് ബംഗാൾ കലോത്സവത്തിന് കൊച്ചിയിലെ കേരള പരിപാടി നടത്തുന്നത്. ഞായർ ദിവസങ്ങളിൽ വൈകുന്നേരം 6 മണിക്കും ശനിയാഴ്ച വൈകുന്നേരം 4 മണിക്കുമാണ് കലാ പരിപാടികൾ സംഘടിപ്പിക്കും പശ്ചിമബംഗാൾ ഗവർണറായി ഡോ സി.വി ആനന്ദബോസ് ചുമതലയേറ്റതിന്റെ രണ്ടാം വാർഷികവേളയിൽ രൂപംനൽകിയ അപ്നാ ഭാരത് ജഗ്ദ ബംഗാൾ എന്ന ജനകീയ ദൗത്യത്തിന്റെ ഭാഗം കൂടിയാണിത്.

ബംഗാളിലെ പുരാതന വാദ്യോപകരണങ്ങളുടെ വാദനം, രവീന്ദ്രനാഥ ടാഗോർ എഴുതിയ നാല് നൃത്താധിഷ്ഠിത നാടകങ്ങൾ, പ്രശസ്തമായ ബാവുൾ ഗാനങ്ങൾ, ഷെഹനായി, ദുർഗാപൂജ ഉത്സവത്തിന്റെ അവിഭാജ്യഘടകമായ ധക്, പുരാണകഥകൾ കോർത്തിണക്കിയുള്ള പുരാതനി സംഗീതം, പുരുലിയ ജില്ലയിൽ രൂപംകൊണ്ട അത്യന്തം വർണാഭവും ചടുലവുമായ പുരുലിയ ഛൗ നൃത്തരൂപം, പുരാതന തനതു നൃത്തരൂപമായ ഗൗഡിയ നൃത്യ, ബംഗാളിന്റെ നാടോടി സംസ്കാരത്തിന്റെ ഭാഗമായ 'ശ്യാമസംഗീതം', എന്നിങ്ങനെ തനതുകലകളും കളികളും ഒരുവേദിയിൽ കണ്ടാസ്വദിക്കാനുള്ള അപൂർവ അവസരമാണ് ഇതിലൂടെ കൊച്ചിനിവാസികൾക്ക് ലഭിക്കുക രവീന്ദ്രനാഥ ടാഗോർ, കാസി നസ്റുൽ ഇസ്ലാം, ദ്വിജേന്ദ്രലാൽ റോയ്, രജനികാന്ത സെൻ, അതുൽ പ്രസാദ് സെൻ പഞ്ചകവികളുടെ പ്രശസ്ത ഗാനങ്ങൾ കോർത്തിണക്കിയ പഞ്ചകബീർ ഗാനമാലയാണ് ബാംഗാളികലോത്സവത്തിലെ മറ്റൊരു പ്രമുഖ്യയിനം.

ബംഗാളിലെ പ്രശസ്ത കവി റിനാ ഗിരി, കഥാകൃത്ത് ജയന്ത ഡേ, കവിയും ചെറുകഥാകൃത്തുമായ ഡോ. തമാൽ ലാഹ , മലയാളത്തിലെ എഴുത്തുകാരായ ഡോ എം.ജി ശശിഭൂഷൺ, ആലംകോട് ലീലാകൃഷ്ണൻ, പായിപ്ര രാധാകൃഷ്ണൻ എന്നിവർ പങ്കെടുക്കുന്ന സാഹിത്യ ചർച്ചയും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്

# തരം മാറ്റ അദാലത്ത് 11ന്

**കൊച്ചി :** 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരം മാറ്റത്തിനുള്ള 25 സെന്റ് വരെ വിസ്തീർണ്ണം ഉള്ളതും സ്വഭാവ വ്യതിയാനത്തിനുള്ള ഫീസ് അടക്കേണ്ടതില്ലാത്തതുമായ ഫോറം അഞ്ച്, ആറ് അപേക്ഷകളുടെ തരം മാറ്റ അദാലത്ത് സംഘടിപ്പിക്കും. കൊച്ചി താലൂക്ക് പരിധിയിലെ തരം മാറ്റൽ അദാലത്ത് നവംബർ മാസം 11 ന് റേഞ്ചേഴ്സ് ക്ലബ് ഹാൾ, നോർത്ത് മൂലംകുഴി, നസ്രത്ത് എന്നിവടങ്ങളിൽ രാവിലെ 10 മുതൽ നടക്കും. തീർപ്പാക്കിയ അപേക്ഷകളിൽ ബന്ധപ്പെട്ട കക്ഷികൾക്ക് അവരുടെ ഫോണിൽ മെസേജ് വരുന്നതാണ്. ഫാറം ആറ് അപേക്ഷകളിൽ അപ്രൂവ്ഡ് മെസേജുകൾ ലഭിച്ചവർക്ക് പ്രസ്തുത ഉത്തരവുകൾ അക്ഷയ സെന്റർ മുഖേന കൈപ്പറ്റാവുന്നതും തുടർ നടപടികൾക്കായി തുടർന്നുള്ള ദിവസങ്ങളിൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫാറം അഞ്ച് അപേക്ഷകളിൽ അപ്രൂവ്ഡ് മെസേജുകൾ ലഭ്യമായ അപേക്ഷകർക്ക് അക്ഷയ സെന്റർ മുഖേന തന്നെ ഫാറം ആറിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതും ആണ് .

# ജേതാക്കളെ പ്രഖ്യാപിച്ചു

**കൊച്ചി :** കേരള മീഡിയ അക്കാദമി ഹയർസെക്കന്ററികോളേജ് വിദ്യാർത്ഥികൾക്കായി പലസ്തീൻ വിഷയം അടിസ്ഥാനമാക്കി സംഘടിപ്പിച്ച വാർത്താവതരണ മത്സരത്തിൽ രണ്ടു പേർക്ക് സമ്മാനം.

കോട്ടയം ഈരാറ്റുപേട്ട മുസ്ലിം ഗേൾസ് ഹയർസെക്കന്ററി സ്കൂളിലെ പ്ലസ് ടു വിദ്യാർത്ഥിനി മിനാ മറിയം നവാസ് ഒന്നാം സമ്മാനത്തിനും മഞ്ചേരി നോബിൾ വുമൺസ് കോളേജ് ബി എസ് സി രണ്ടാംവർഷ സുവോളജി വിദ്യാർത്ഥിനി കെ പി ഷഹ്മ രണ്ടാം സ്ഥാനത്തേക്കും തിരഞ്ഞെടുത്തു. പലസ്തീൻ വിഷയം കേന്ദ്രമാക്കി അഞ്ച് മിനിറ്റിൽ കുറയാത്ത വാർത്താ ബുള്ളറ്റിൻ തയ്യാറാക്കി അവതരിപ്പിച്ച് അയക്കുക എന്നതായിരുന്നു മത്സരം. കേരള മീഡിയ അക്കാദമിയുടെ മീഡിയ ക്ലബ്ബ് പദ്ധതിയുടെ ഭാഗമായാണ് മത്സരം സംഘടിപ്പിച്ചത്.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി :** ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിൽ കൊച്ചി കോർപ്പറേഷന്റെ കീഴിലുള്ള വിവിധ അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമുള്ള സാധനങ്ങൾ വിതരണം നടത്തുന്നതിന് അംഗീകൃത ഏജൻസികൾ/ വ്യക്തികൾ സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ടെൻഡർ ക്ഷണിച്ചു. ഫോൺ നമ്പർ 048402706695

# താത്കാലിക നിയമനം

**കൊച്ചി :** ജില്ലയിലെ സർക്കാർ ആശുപത്രിയിൽ മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ തസ്തികയിൽ താത്കാലിക ഒഴിവ്. യോഗ്യതമെഡിക്കൽ ഡോക്യുമെന്റേഷൻ/ മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ കോഴ്സിൽ ബിരുദ/ബിരുദാനന്തര യോഗ്യതയോ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും മെഡിക്കൽ റിക്കോർഡ് സയൻസിൽ ഡിപ്ലോമയോ, ഈ യോഗ്യതകളുടെ അഭാവത്തിൽ ഒരു മെഡിക്കൽ കോളേജിൽ നിന്നും മെഡിക്കൽ റിക്കോർഡ്സ് സൂക്ഷിക്കുന്നതിൽ പ്ലസ് ടുവിനു ശേഷം ഒരു വർഷത്തെ പരിശീലനം.

അപേക്ഷകർ 41 വയസിൽ താഴെ പ്രായമുള്ളവരാകണം. ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം നവംബർ 15 ന് മുമ്പായി നേരിട്ട് ഹാജരാകണം.




കെ.എസ്. അമൽ ചിത്ര സ്വർണം നേടുന്നു

# അക്വാട്ടിക്സ് മത്സരങ്ങൾ പൂർത്തിയായി; കുട്ടിത്താരങ്ങൾ നീന്തിയെടുത്തത് 30 മീറ്റ് റെക്കോഡുകൾ

സംസ്ഥാനസ്കൂൾ കായികമേളയുടെ നാലാം ദിനം പിന്നിടുമ്പോൾ അക്വാട്ടിക്സിൽ ആകെയുള്ള 103 മത്സരയിനങ്ങളും കോതമംഗലം എംഎ കോളേജിൽ പൂർത്തിയായി. നാലു ദിവസങ്ങളിലായി 30 റെക്കോഡുകളാണ് കുട്ടിത്താരങ്ങൾ നീന്തിയെടുത്തത്. കായികമേളയിലെ ആദ്യ മീറ്റ് റെക്കോഡും നീന്തൽ മത്സരത്തിലായിരുന്നു. ഗെയിംസിൽ 473 മത്സരങ്ങളും അത് ലറ്റിക്സിൽ 28 മത്സരയിനങ്ങളും പൂർത്തിയായി. മേളയിലെ വേഗതാരങ്ങളെ നിശ്ചയിച്ച സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗത്തിലെ 100 മീറ്റർ മത്സരങ്ങൾ പൂർത്തിയായി. സബ് ജൂനിയർ ബോയ്സ് വിഭാഗത്തിൽ ബി.എ. നിയാസ് അഹമ്മദ്, സബ് ജൂനിയർ ഗേൾസ് വിഭാഗത്തിൽ ദേവപ്രിയ ഷൈബു, ജൂനിയർ ബോയ്സ് വിഭാഗത്തിൽ നിവേദ് കൃഷ്ണ, ജൂനിയർ ഗേൾസ് വിഭാഗത്തിൽ ആർ. ശ്രേയ, സീനിയർ ബോയ്സ് വിഭാഗത്തിൽ അ9സ്വാഫ് കെ അഷ്റഫ്, സീനിയർ ഗേൾസ് വിഭാഗത്തിൽ രഹന രഘു എന്നിവർ ജേതാക്കളായി. സീനിയർ ബോയ്സ്, സീനിയർ ഗേൾസ്, ജൂനിയർ ബോയ്സ്, ജൂനിയർ ഗേൾസ് വിഭാഗം 800 മീറ്റർ മത്സരങ്ങളും പൂർത്തിയായി. പോൾവാട്ട് സീനിയർ ഗേൾസ് വിഭാഗത്തിൽ സ്വർണം നേടിയ കോതമംഗലം മാർ ബേസിൽ എച്ച് എസ് എസിലെ ജീന ബേസിൽ മാത്രമാണ് അത് ലറ്റിക്സിൽ വെള്ളിയാഴ്ച മീറ്റ് റെക്കോഡ് സ്വന്തമാക്കിയത്.

കായികമേള അവസാനിക്കാൻ മൂന്നു ദിവസം ബാക്കിനിൽക്കെ 1776 പോയിന്റുകളുമായി തിരുവനന്തപുരം മേധാവിത്വം തുടരുകയാണ്. 701 പോയിന്റുകളുമായി തൃശൂരും 612 പോയിന്റുകളുമായി കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്.

ചാമ്പ്യൻ സ്കൂളിനായുള്ള പോരാട്ടത്തിലും വാശിയേറുകയാണ്. അത് ലറ്റിക്സിൽ കോതമംഗലം മാ4ബേസിൽ എച്ച് എസ് എസ് 30 പോയിന്റുകൾ നേടി മുന്നിലാണ്. മൂന്നാം തവണയും ചാമ്പ്യ9പട്ടം ലക്ഷ്യമിടുന്ന മലപ്പുറം ഐഡിയൽ ഇഎച്ച്എസ്എസ് 16 പോയിന്റുകളുമായി രണ്ടാം സ്ഥാനത്താണ്. 14 പോയിന്റുകളുമായി ഇടുക്കി കാൽവരി മൗണ്ട് സിഎച്ച് എസ് മൂന്നാം സ്ഥാനത്താണ്. ഗെയിംസിൽ തിരുവനന്തപുരം സെന്റ് ജോസഫ് എച്ച് എസ് എസ് ആണ് മുന്നിൽ. 78 പോയിന്റുകളാണ് സ്കൂൾ നേടിയിരിക്കുന്നത്. 55 പോയിന്റുകളുമായി പിപിഎം എച്ച് എസ് കോട്ടുകര രണ്ടാം സ്ഥാനത്തും 53 പോയിന്റുമായി ഗവ. ഗേൾസ് എച്ച് എസ് എസ് കോട്ടൺഹിൽ മൂന്നാം സ്ഥാനത്തുമാണ്. അക്വാട്ടിക്സിൽ സമഗ്രാധിപത്യം പുലർത്തിയ തിരുവനന്തപുരം ജില്ല നേടിയ 638 പോയിന്റുകളിൽ 146 ഉം തുണ്ടത്തിൽ എംവിഎച്ച്എസ്എസിന്റെ സംഭാവനയാണ്. അക്വാട്ടിക്സിൽ 63 പോയിന്റുകൾ നേടി പിരപ്പൻകോട് ഗവ. വിഎച്ച്എസ്എസ് രണ്ടാം സ്ഥാനത്തും 61 പോയിന്റുമായി ഗവ. എച്ച്എസ്എസ് ആന്റ് വിഎച്ച്എസ്എസ് കളമശേരി മൂന്നാം സ്ഥാനത്തുമാണ്.

## നീന്തലിൽ തിരുവനന്തപുരം നേടിയത് 190 മെഡലുകൾ; 74 എണ്ണം സ്വർണ്ണം

**കൊച്ചി :** നീന്തൽക്കുളത്തിൽ നിന്ന് മാത്രം തിരുവനന്തപുരം ജില്ലയുടെ കുട്ടികൾ കോരിയെടുത്തത് 190 മെഡലുകൾ. അവയിൽ 74 എണ്ണത്തിനും സ്വർണത്തിളക്കം. ജില്ലയുടെ സ്കോർ ബോർഡിൽ നീന്തൽത്താരങ്ങൾ എഴുതിച്ചേർത്തത് 654 പോയിന്റുകൾ. തുണ്ടത്തിൽ എം.വി.എച്ച്.എസ്.എസിലെ എസ്. അഭിനവും മോംഗം തീർത്ഥു സാം ദേവും നേടിയ ഹാട്രിക് റെക്കോർഡ് നേട്ടം തിരുവനന്തപുരത്തിന്റെ തിളക്കമേറ്റി. 103 ഇനങ്ങളിലായിരുന്നു നീന്തൽ മത്സരങ്ങൾ. 74 സ്വർണം, 56 വെള്ളി, 5 വെങ്കലം എന്നിങ്ങനെയാണ് തിരുവനന്തപുരത്തിന്റെ മെഡൽ നേട്ടം. തുണ്ടത്തിൽ സ്കൂളിലെ താരങ്ങൾ 27 സ്വർണം നേടി. രണ്ടാം സ്ഥാനത്തുള്ള എറണാകുളത്തിന് 162 പോയിന്റാണുള്ളത്. 13 സ്വർണം, 21 വെള്ളി, 12 വെങ്കലം എന്നിങ്ങനെയാണ് മെഡൽ നില. കോട്ടയത്തിനാണ് മൂന്നാം സ്ഥാനം. 90 പോയിന്റ്. എട്ട് സ്വർണം, 10 വെള്ളി, ആറ് വെങ്കലം എന്നിങ്ങനെ മെഡലുകൾ നേടി



# കായിക മേളയ്ക്ക് ആദരമൊരുക്കി പ്രസ് ക്ലബ്ബിന്റെ ഓട്ടവും പാട്ടും

**കൊച്ചി:** കേരള സ്കൂൾ കായികമേളയിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് ആദരമൊരുക്കി എറണാകുളം പ്രസ് ക്ലബ്ബ്. ഓട്ടവും പാട്ടും എന്ന പേരിൽ സംഘടിപ്പിച്ച പരിപാടി വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. കായിക മേളയ്ക്ക് മാധ്യമങ്ങൾ നൽകുന്ന പിന്തുണ അഭിനന്ദനാർഹമാണെന്ന് മന്ത്രി പറഞ്ഞു.

മുതിർന്ന സ്പോർട്സ് ജേണലിസ്റ്റുകളായ എ.എൻ രവീന്ദ്രദാസ്, ഇഗ്നേഷ്യസ് ഗോൺസാൽവസ്, കെ പ്രദീപ്, ഷാജി ജേക്കബ്, ഫിറോസ് ബാബു, രമേഷ് മാത്യു, സുജിത് ചന്ദ്രകുമാർ എന്നിവരെ മന്ത്രി ആദരിച്ചു.

400 മീറ്റർ സീനിയർ ഗേൾസ് വിഭാഗത്തിൽ സ്വർണം നേടിയ പറളി ജി എച്ച് എസിലെ ജ്യോതിക, 3000 മീറ്റർ നടത്തം ജൂനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ പി നിരഞ്ജന, സീനിയർ ഗേൾസ് വിഭാഗത്തിൽ സ്വർണം നേടിയ കെ പി ഗീതു (ഇരുവരും കെ എച്ച് എം എച്ച് എസ് എസ്, ആലത്തിയൂർ), സബ് ജൂനിയർ 100 മീറ്റർ സ്വർണം നേടിയ കാസർഗോഡ് അങ്ങാടി മുഗർ ജി എച്ച് എസിലെ നിയാസ് എന്നിവർക്ക് പ്രസ് ക്ലബ്ബിന്റെ ഉപഹാരം മന്ത്രി വി ശിവൻകുട്ടി സമ്മാനിച്ചു.

പ്രസ് ക്ലബ്ബിലെ അല്ലിയാമ്പൽ കടവിൽ നടന്ന ചടങ്ങിൽ പ്രസ് ക്ലബ്ബ് പ്രസിഡന്റ് ആർ.ഗോപകുമാർ അധ്യക്ഷ വഹിച്ചു. ടി.ജെ വിനോദ് എം എൽ എ മുഖ്യാതിഥിയായിരുന്നു. എ.എൻ രവീന്ദ്രദാസ് മറുപടി പ്രസംഗം നടത്തി. പ്രസ് ക്ലബ്ബ് സെക്രട്ടറി എം ഷജിൽ കുമാർ, ജോബ് മാസ്റ്ററുടെ മകൻ അജയ് ജോസഫ്, ശ്രീകാന്ത് മണിമല എന്നിവർ സംസാരിച്ചു.



സൈക്ലിങ്ങിൽ സീനിയർ പെൺകുട്ടികളുടെ മാസ്സ് സ്റ്റാർട്ടിൽ സ്വർണം നേടിയ കരോളിൻ നിജിൽ. എറണാകുളം സെന്റ് തെരേസസ് സ്കൂൾ വിദ്യാർത്ഥിനിയാണ്



രഹന രഘു



അൻസ്വാഫ് കെ അഷ്റഫ്

# രഹനയും അൻസഫും വേഗതാരങ്ങൾ

മഴ ചാറിനിന്ന അന്തരീക്ഷത്തിൽ സംസ്ഥാനസ്കൂൾ കായികമേളയുടെ വേഗരാജാവും റാണിയുമായി അൻസഫ് കെ അഷ്റഫിന്റെയും രഹനാ രഘുവിന്റെയും കിരീടധാരണം. സീനിയർ ആൺകുട്ടികളുടെ 100 മീറ്റർ കിരീടം ആതിഥേയ ജില്ല തന്നെ നേടിയപ്പോൾ പെൺകുട്ടികളുടെ കിരീടം തലസ്ഥാന ജില്ലയ്ക്ക്.

കോതമംഗലം കീരമ്പാറ സെന്റ് സ്റ്റീഫൻസ് സ്കൂളിലെ പ്ലസ് ടു വിദ്യാർഥി അൻസഫ് കെ. അഷ്റഫ് 10.81 സെക്കൻഡിലാണ് ലക്ഷ്യം കണ്ടത്. കഴിഞ്ഞ വർഷം ജൂനിയർ വിഭാഗത്തിൽ 100 മീറ്റർ സ്വർണം നേടിയിരുന്നു. തിങ്കളാഴ്ച 200 മീറ്ററിലും മത്സരിക്കുന്നുണ്ട്. കോതമംഗലം കാവുങ്കൽ റിട്ട. കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ അഷ്റഫിന്റെയും റിട്ട. അധ്യാപിക സുബൈദയുടെയും മകനാണ്.

കാസർകോട് ഉദുമ ഇരട്ടപ്പനയ്ക്കൽ ബിസിനസുകാരനായ രഘു ഇ.പി.യുടെയും ആശാ വർക്കർ റോഷ്നയുടെയും മകളാണ് വേഗറാണിയായ രഹന രഘു. 12.62 സെക്കൻഡിലായിരുന്നു വിജയം. തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് അക്കാദമിയിലെ പ്ലസ്ടു സയൻസ് വിദ്യാർഥിനിയാണ്. കഴിഞ്ഞ വർഷം ജൂനിയർ വിഭാഗം 100 മീറ്ററിൽ വെള്ളി നേടിയിരുന്നു.



കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സീനിയർ പെൺകുട്ടികളുടെ തൈക്വണ്ടോ ഫൈനൽ മത്സരത്തിൽ (അണ്ടർ 52 കി. ഗ്രാം) സ്വർണ്ണം നേടിയ ശ്രീനന്ദന, ജി ജി എച്ച് എസ് എസ്, കന്യകുളങ്ങര, തിരുവനന്തപുരം

# അർച്ചനയുടെ സുവർണനേട്ടത്തിൽ പൂവണിഞ്ഞത് അമ്മയുടെ സ്വപ്നം

**കൊച്ചി:** സംസ്ഥാനസ്കൂൾ കായികമേളയിൽ ജൂനിയർ പെൺകുട്ടികളുടെ 3000 മീറ്റർ ഓട്ടത്തിലെ അർച്ചനയുടെ സ്വർണ്ണ നേട്ടത്തിലൂടെ പൂവണിഞ്ഞത് അമ്മ കൃഷ്ണപ്രിയയുടെ സ്വപ്നം. പാലക്കാട് മുണ്ടൂർ എച്ച്.എസിലെ വിദ്യാർഥിയാണ് അർച്ചന എസ്. 'എന്റെ ചെറിയ വരുമാനത്തിൽ നിന്ന് നൽകാൻ കഴിയുന്ന പരിമിതമായ സൗകര്യങ്ങളെ മോൾക്ക് നൽകാൻ സാധിക്കുന്നുള്ളു. ജീവിത പ്രാരാബ്ധങ്ങളോട് പൊരുതിയാണ് മകൾ ഈ നേട്ടം കരസ്ഥമാക്കിയത്'. അതിൽ അഭിമാനവും സന്തോഷവും ഉണ്ടെന്ന് അർച്ചനയുടെ അമ്മ വിഷ്ണുപ്രിയ പറഞ്ഞു. മുൻ അന്താരാഷ്ട്രതാരം പി യു ചിത്രയുടെ കായിക അധ്യാപകൻ കൂടിയായ എൻ എസ് സിജിൽ ആണ് കോച്ച്. 3000 മീറ്റർ ജൂനിയർ ആൺകുട്ടികളുടെ നടത്തത്തിൽ സ്വർണം നേടിയ എസ് ജഗന്നാഥ നടക്കം പാലക്കാട് നിന്നും ഇദ്ദേഹത്തിന്റെ 22 ശിഷ്യൻമാരാണ് ഇത്തവണത്തെ സ്കൂൾ കായികമേളയിൽ മാറ്റുരക്കുന്നത്. സാധാരണക്കാരായ കർഷകത്തൊഴിലാളികളുടെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെയും കുടുംബങ്ങളിൽ നിന്നും വരുന്നവരാണ് പാലക്കാടിന്റെ കായികതാരങ്ങളിൽ ഏറിയ പങ്കും. ഇവർക്കു വേണ്ട പ്രോൽസാഹനവും സൗകര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്തണം. എങ്കിൽ മാത്രമേ കായികതാരം എന്ന നിലയിലേക്ക് ഇവരെ ഉയർത്താനാകു. നാളെയുടെ വാഗ്ദാനങ്ങളായ കായികതാരങ്ങളെ സംഭാവന ചെയ്യാൻ ഇനിയും പാലക്കാടൻ മണ്ണിനാകുമെന്ന് കോച്ച് എൻ എസ് സിജിൽ പറഞ്ഞു.ഇടുക്കി സിഎച്ച്എസ് കാൽവരിമൗണ്ടിലെ അലീന സജിക്കാണ് 3000 മീറ്ററിൽ വെള്ളി. പാലക്കാട് എംഎൻകെഎച്ച്എസ്എസ് ചിറ്റിലഞ്ചേരിയിലെ രേവതി രാജൻ വെങ്കലം നേടി.


അർച്ചന




## പിറന്നാൾ ദിനത്തിൽ

# ഇരട്ടി മധുരമായി അമൽ ചിത്രക്ക് സ്വർണം

കൊച്ചി: ജൂനിയർ പെൺകുട്ടികളുടെ പോൾ വാൾട്ടിൽ ഒന്നാമതെത്തിയ കെ.എസ്. അമൽ ചിത്രയുടെ പതിനഞ്ചാം പിറന്നാളായിരുന്നു ഇന്നലെ സ്വർണ തിളക്കത്തോടെ മത്സരം കഴിഞ്ഞിറങ്ങിയ താരത്തെ വരവേറ്റത് പിറന്നാൾ കേക്കുമായി കാത്തു നിന്ന പരിശീലകനും അച്ഛനും. 2.90 മീറ്റർ ഉയരം താണ്ടിയ അമൽ മലപ്പുറം ഐഡിയൽ ഇ എച്ച് എസ് എസ് കടകാശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർത്ഥിയാണ് അമൽ. തൃശൂർ താണിക്കുടം സ്വദേശിയായ കെ.പി. സുധീഷിന്റെയും വിജിതയുടെയും മകളാണ് അമൽ. കഴിഞ്ഞ സ്കൂൾ കായികമേളയിൽ അഞ്ചാമതായിരുന്നു അമൽ. ഐഡിയൽ സ്കൂളിലെ അഖിൽ ആണ് പരിശീലകൻ. ഇത്തരമൊരു ആഘോഷം പ്രതീക്ഷിച്ചില്ലെന്നു അമൽ പറഞ്ഞു. 'നേരത്തെ 800 മീറ്റർ ഓട്ടത്തിൽ ആണ് പങ്കെടുത്തത്. രണ്ട് വർഷം മുമ്പ് അഖിൽ സാർ ആണ് പോൾ വാൾട്ടിലേക്ക് കൊണ്ടുവന്നത്. സ്വർണം നേടിയതിൽ സന്തോഷം ഉണ്ട്', അമൽ പറഞ്ഞു. കരാട്ടെ ഉൾപ്പെടെ പരിശീലിച്ചിട്ടുള്ള അമലിന്റെ പോസ്റ്റേസ് കണ്ടാണ് പോൾ വാൾട്ടിലേക്ക് മാറ്റിയതെന്ന് അഖിൽ പറഞ്ഞു. എറണാകുളം കോതമംഗലം മാർ ബേസിൽ സ്കൂളിലെ സഫാനിയ നിട്ടു വെള്ളിയും കോട്ടയം സെന്റ് തോമസ് എച്ച് എസ് എസിലെ ആൻഡ്രിആലി വിൻസെന്റ് വെങ്കലവും നേടി.

# ഡ്രോൺ ഉപയോഗം മത്സ്യമേഖലയിൽ വഴിത്തിരിവാകും:കേന്ദ്ര മന്ത്രി ജോർജ് കുര്യൻ

**കൊച്ചി:** ഡ്രോണുകളുടെ വരവ് മത്സ്യമേഖലയിൽ ഒരു വഴിത്തിരിവായിരിക്കുമെന്ന് കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ. കൃത്യതയും കാര്യക്ഷമതയും ഉറപ്പാക്കി മത്സ്യബന്ധനം, കൃഷി, പ്രകൃതിദുരന്തങ്ങളിലെ രക്ഷാപ്രവർത്തനം തുടങ്ങിയവക്ക് വേഗം കൂട്ടാൻ ഡ്രോൺ ഉപകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.മത്സ്യമേഖലയിലെ ഡ്രോൺ ഉപയോഗ സാധ്യതകളെ കുറിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ശിൽപശാലയും പ്രദർശനവും ഉദ്ഘാടനം ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.100 കാലാവസ്ഥാ പ്രതിരോധ മത്സ്യഗ്രാമങ്ങൾ മൽസ്യ തൊഴിലാളികളുടെ ഉപജീവനം സംരക്ഷിക്കാൻ രാജ്യത്ത് 100 കാലാവസ്ഥാ പ്രതിരോധ തീരദേശ മത്സ്യഗ്രാമങ്ങൾ വികസിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാർ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.മത്സ്യം ഉണക്കുന്നതിനുള്ള യാർഡുകൾ, സംസ്കരണ കേന്ദ്രങ്ങൾ, മത്സ്യമാർക്കറ്റുകൾ, എമർജൻസി റെസ്ക്യൂ സൗകര്യങ്ങൾ, കടൽപ്പായൽ കൃഷി, കൃത്രിമ പാരുകൾ, ഹരിത ഇന്ധന സംരംഭങ്ങൾ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെട്ട മത്സ്യഗ്രാമങ്ങളിൽ സ്ഥാപിക്കും. കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം പൊതു സൗകര്യങ്ങളും ഒരുക്കും.

ഈ സംരംഭത്തിന് പൂർണമായും കേന്ദ്രസർക്കാർ ധനസഹായം നൽകും. കാലാവസ്ഥാവ്യതിയാന ഭീഷണിയുടെ പശ്ചാത്തലത്തിൽ, മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരമായ സാമ്പത്തികഉപജീവന അവസരങ്ങൾ ഉറപ്പാക്കുകയാണ് ലക്ഷ്യമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.ഒരു ലക്ഷത്തോളം മത്സ്യബന്ധന യാനങ്ങളിൽ ഈ വർഷം ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു. തീരത്ത് നിന്ന് 200 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനം നടത്തുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് ഫോൺ ഉപയോഗിച്ച് സന്ദേശങ്ങൾ അയക്കാനും മത്സ്യബന്ധന യാനങ്ങളുടെ തത്സമയ ട്രാക്കിംഗ് സാധ്യമാക്കാനും ഈ സംവിധാനത്തിന് കഴിയും.



പ്രകൃതി ദുരന്തങ്ങളിലും ചുഴലിക്കാറ്റ് പോലെയുള്ള കാലാവസ്ഥാ മുന്നറിയിപ്പുകളും മീൻപിടുത്തം നടത്തുന്നവരിലേക്ക് പെട്ടെന്ന് എത്തിക്കാൻ ട്രാൻസ്പോണ്ടറുകൾ ഉപകരിക്കും. ഐഎസ്ആർഒ ജിസാറ്റ് 6 ഉപഗ്രഹം ഉപയോഗച്ചാണ് ഈ സാങ്കേതികവിദ്യ വികസിപ്പിച്ചിരിക്കുന്നത്. 364 കോടി ചിലവ് വരുന്ന പദ്ധതിയാണിതെന്നും ജോർജ് കുര്യൻ പറഞ്ഞു.

മത്സ്യത്തൊഴിലാളികൾ, മത്സ്യകർഷകർ ഉൾപ്പെടെ 700 ഓളം പേരാണ് ബോധവൽകരണ സംഗമത്തിൽ പങ്കെടുത്തത്. മത്സ്യകൃഷിയിടങ്ങളിൽ മീനുകൾക്ക് തീറ്റ നൽകൽ, വിളവെടുത്ത മത്സ്യം വഹിച്ച് ഉപഭോക്താക്കളിലെത്തിക്കൽ ലൈഫ് ജാക്കറ്റ് നൽകിയുള്ള ദുരന്തനിവാരണം തുടങ്ങി മത്സ്യമേഖലയിലെ ഡ്രോൺ ഉപയോഗത്തിന്റെ സാധ്യതകൾ ഡ്രോൺ പറത്തി വിദഗ്ധർ പ്രദർശിപ്പിച്ചു.കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി നീതുകുമാരി പ്രസാദ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ചീഫ് എക്സിക്കുട്ടീവ് ഡോ ബി കെ ബെഹറ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ് നൈനാൻ, ഡോ വി വി ആർ സുരേഷ്, ഡോ ശോഭ ജോ കിഴക്കൂടൻ എന്നിവർ സംസാരിച്ചു.

# അപസ്മാര ശസ്ത്രക്രിയാ വിദഗ്ധരുടെ രാജ്യാന്തര സമ്മേളനത്തിന് അമൃതയിൽ തുടക്കമായി

**കൊച്ചി:** അമൃത ആശുപത്രിയിൽ പീഡിയാട്രിക് എപിലെപ്സി സർജൻമാരുടെ രാജ്യാന്തര സമ്മേളനവും ശിൽപശാലയും ആരംഭിച്ചു. അമൃത അഡ്വാൻസ്ഡ് സെന്റർ ഫോർ എപിലെപ്സിയും, അമൃത ബ്രെയിൻ സെന്റർ ഫോർ ചിൽഡ്രനും സംയുക്തമായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ ന്യൂറോളജിസ്റ്റുകളും ന്യൂറോസർജന്മാരുമുൾപ്പെടെ നൂറോളം ഡോക്ടർമാർക്കാണ് കുട്ടികളിലെ അപസ്മാര ശസ്ത്രക്രിയാ രീതികളിൽ പരിശീലനം നൽകുന്നത്.

നാല് ദിവസം നീണ്ടുനിൽക്കുന്ന സമ്മേളനം സീനിയർ ന്യൂറോസർജൻ ഡോ. പി. ശ്രീകുമാർ ഉൽഘാടനം ചെയ്തു.

ഡോ. കെ.പി. വിനയൻ, ഡോ.അശോക് പിള്ള, ഡോ. സിബി ഗോപിനാഥ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. ജർമ്മനി, ജപ്പാൻ, ബൾഗേറിയ, ബ്രസീൽ, യു.കെ, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധർ പരിശീലനത്തിന് നേതൃത്വം നൽകുന്നു. സമ്മേളനത്തിന്റെ ഭാഗമായി പണ്ഡിറ്റ് അഭിഷേക് ലാഹിരി അവതരിപ്പിച്ച സരോദ് കച്ചേരിയും



അരങ്ങേറി.

ശിൽപശാലയിൽ കുട്ടികളിലെ അപസ്മാരത്തിന്റെ സവിശേഷതകളും മരുന്നുപയോഗിച്ചുള്ള ചികിത്സയിലെ വെല്ലുവിളികളും ചർച്ച ചെയ്യുമെന്ന് പീഡിയാട്രിക് ന്യൂറോളജി വിഭാഗം മേധാവി ഡോ. കെ.പി. വിനയൻ പറഞ്ഞു. അപസ്മാരത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ചികിത്സ തേടേണ്ടത് അനിവാര്യമാണെന്നും അപസ്മാര രോഗം നിരന്തരമായി അനുഭവിക്കുമ്പോൾ ഉണ്ടാകാവുന്ന മാനസികാഘാതം നേരത്തേയുള്ള ചികിത്സയിലൂടെ ഗണ്യമായി കുറയ്ക്കാനാകുമെന്നും പ്രഗൽഭ പീഡിയാട്രിക് ന്യൂറോളജിസ്റ്റ് ഡോ. ഹാൻസ് ഹോൽത്തോസെൻ പറഞ്ഞു. അപസ്മാര ചികിത്സയ്ക്കായുള്ള അമൃത ആശുപത്രിയിലെ സംവിധാനങ്ങൾ ലോകോത്തര നിലവാരം പുലർത്തുന്നവയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.



# അഗ്നി സുരക്ഷാ മോക് ഡ്രില്ലും ജീവൻ രക്ഷാ പരിശീലനവും

**അങ്കമാലി :**കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ (സി.ബി.സി) എറണാകുളം യൂണിറ്റിന്റെ നേതൃത്വത്തിൽ അങ്കമാലി ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ (ഫിസാറ്റ്) അഗ്നി സുരക്ഷാ മോക് ഡ്രില്ലും ജീവൻ രക്ഷാ പരിശീലനവും സംഘടിപ്പിച്ചു.കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസ് അങ്കമാലി യൂണിറ്റ് ഇൻ ചാർജ് വിശ്വാസിന്റെ നേതൃത്വത്തിൽ നടന്ന പരിശീലനത്തിൽ വിദ്യാർത്ഥികൾക്ക് വിവിധ ജീവൻ രക്ഷാ ഉപകരണങ്ങളും പ്രഥമ ശുശ്രൂഷ അടക്കമുള്ള രക്ഷാമാർഗങ്ങളും പരിചയപ്പെടുത്തി.സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എറണാകുളം ഫീൽഡ് പബ്ലിസിറ്റി ഓഫീസർ അബ്ദുമനാഫ്, ഫിസാറ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വിനോദ് പി നായർ, എൻസിസി ഓഫീസർ ഇൻ ചാർജ് ലെഫ്റ്റനന്റ് ജെ.സി പ്രസാദ്, പ്രൊഫസർ ജേക്കബ് തോമസ്, തുടങ്ങിയവർ സംസാരിച്ചു.നവംബർ 11 മുതൽ 15 വരെ അംഗമാലി സി എസ് എ ഹാളിൽ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ സംഘടിപ്പിക്കുന്ന ഗവൺമെൻറ് പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണ പരിപാടിയുടെ ഭാഗമായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

# ആലുവ സബ്ട്രഷറി ഓഫീസിൽ ഇരിപ്പടമില്ല, ശുചിമുറിയുമില്ല: അടിയന്തര നടപടി വേണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** ആലുവ സബ് ട്രഷറി ഓഫീസിൽ ഇരിക്കാനുള്ള കസേരകളോ ശുചിമുറി സൗകര്യമോ ഏർപ്പെടുത്താത് അടിയന്തരമായി പരിശോധിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

ട്രഷറി വകുപ്പ് ഡയറക്ടറും ആലുവ സബ് ട്രഷറി ഓഫീസറും ആവശ്യമായ പരിശോധന നടത്തി പ്രത്യേകം വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആലുവ സബ്ട്രഷറി കെട്ടിടത്തിലെ അപര്യാപ്തതകൾ പരിശോധിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ശുചിമുറികളും ഇരിപ്പിടങ്ങളും സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ കമ്മീഷനിൽ സമർപ്പിക്കണം.കമ്മീഷൻ സ്വമേധയാ രജിസ്റ്റർ കേസിലാണ് നടപടി.

# സുസ്ഥിര ചെമ്മീൻ കൃഷിയെക്കുറിച്ചുള്ള വിശദീകരണം യോഗം ചേരുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ നാഷണൽ സെൻറർ ഫോർ അകാാടിക് അനിമൽ ഹെൽത്തിൻറെ ആഭിമുഖ്യത്തിൽ അക്വാകൾച്ചർ സ്റ്റുവാർഡ്ഷിപ് കൗൺസിൽ സർട്ടിഫിക്കേഷന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ വിശദീകരണ യോഗം ചേരുന്നു. 11 രാവിലെ 10 മണിക്ക് തെക്കനാട്ട് ഫാംസ്, തെക്കനാട്ട് പാറയിൽ കോമന, തൈക്കാട്ടുശേരി ഒളവയ്പിൽ ആണ് യോഗം ചേരുന്നത്.

സുസ്ഥിരമായ ചെമ്മീൻ കൃഷി വിഭാവനം ചെയ്തുകൊണ്ട് ജൈവവൈവിധ്യ പാരിസ്ഥിതിക ആഘാത വിലയിരുത്തൽ, പങ്കാളിത്ത സാമൂഹിക ആഘാത വിലയിരുത്തൽ പഠനം എന്നിവയെ സംബന്ധിച്ചാണ് വിശദീകരണ യോഗം സംഘടിപ്പിക്കുന്നത്.

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി പഞ്ചായത്തുകളിലെ കരീത്തറ നെൽകൃഷി വികസന സമിതി ,തെക്കനാട്ട് ഫാമുകളിൽ നടത്തിയ ജൈവവൈവിധ്യ പാരിസ്ഥിതിക ആഘാത വിലയിരുത്തൽ, പങ്കാളിത്ത സാമൂഹിക ആഘാത വിലയിരുത്തൽ പഠനങ്ങൾ എന്നിവ അടിസ്ഥാനമായ കണ്ടെത്തലുകൾ ചർച്ച ചെയ്യുന്നതിനും, സുസ്ഥിര ചെമ്മീൻ കൃഷിയുടെആവാസവ്യവസ്ഥയിൽ ഉണ്ടാക്കുന്ന സ്വാധീനങ്ങൾ, കർഷകർ,തൊഴിലാളികൾ, ബാധിത സമൂഹങ്ങൾ എന്നിവയിലെ പ്രത്യാഘാതങ്ങൾ എന്നിവയാണ് വിശദീകരണ യോഗത്തിൻറെ പ്രധാന ചർച്ചാ വിഷയങ്ങൾ.




# അലീഷ മൂപ്പന് പ്രവാസി ഭൂഷൺ പുരസ്കാരം

**കൊച്ചി:** ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ ഡെപ്യൂട്ടി മാനേജിങ് ഡയറക്ടറായ അലീഷ മൂപ്പന് പ്രവാസി ഭൂഷൺ പുരസ്കാരം. കൊച്ചിയിൽ നടന്ന ചടങ്ങിൽ പശ്ചിമബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദ ബോസിൽ നിന്നും അലീഷ മൂപ്പൻ പുരസ്കാരം ഏറ്റുവാങ്ങി. രാജ്യത്തെ ആരോഗ്യ, ചികിത്സാ സംവിധാനങ്ങൾ ആധുനികവത്കരിക്കുന്നതിനുള്ള പ്രയത്നങ്ങൾക്ക് നൽകിയ നേതൃമികവും ആത്മാർഥതയും പരിഗണിച്ചാണ് പുരസ്കാരം. രക്താർബുദ ചികിത്സയിലെ നൂതന സംവിധാനമായ കാർടി സെൽ തെറാപ്പി പ്രോഗ്രാമിന്റെ ഉദ്ഘാടനം പശ്ചിമബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദ ബോസ് നിർവഹിച്ചു. എറണാകുളം എം.പി, ഹൈബി ഈഡൻ, ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ നോൺ എക്സിക്യൂട്ടീവ് ഡയറക്ടർ അനൂപ് മൂപ്പൻ, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ഇന്ത്യ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ എസ്. രമേഷ് കുമാർ, സ്ഥാപനത്തിന്റെ നേതൃസ്ഥാനങ്ങളിലുള്ള മുതിർന്ന ഉദ്യോഗസ്ഥർ, ഡോക്ടർമാർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.സ്കോട്ലൻഡിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സിൽ (ഐ.സി.എ.എസ്) നിന്നും പഠനം പൂർത്തിയാക്കിയ അലീഷ മൂപ്പൻ, ഏറെക്കാലം ഏർണെസ്റ്റ് ആൻഡ് യങ്ങിൽ പരിചയസമ്പത്ത് നേടിയ ശേഷമാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിലെത്തുന്നത്.
യൂണിവേഴ്സിറ്റി ഓഫ് മിഷിഗണിലെ ഫിനാൻസ് ആൻഡ് അക്കൗണ്ടിംഗ് വിഭാഗത്തിലെ പൂർവവിദ്യാർഥികൂടിയാണ് അലീഷ. ഹാർവാർഡ് സർവകലാശാലയിൽ നിന്നും ഗ്ലോബൽ ലീഡർഷിപ്പ് ആൻഡ് പബ്ലിക് പോളിസി ചേഞ്ച് എന്ന വിഷയത്തിൽ ഡിഗ്രിയും സ്വന്തമാക്കിയിട്ടുണ്ട്. പിന്നീട് ആഗോളതലത്തിൽ നിരവധി സുപ്രധാന പുരസ്കാരങ്ങൾ നേടി അന്തർദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ പിന്നീടുള്ള വളർച്ചയിലും വികസനത്തിലും നിർണായകമായത് അലീഷ മൂപ്പന്റെ തന്ത്രപ്രധാന നയങ്ങളാണ്.

പശ്ചിമബംഗാൾ ഗവർണ്ണർ ഡോ. സി.വി. ആനന്ദ ബോസിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങാനായതിൽ അതിയായ സന്തോഷമുണ്ടെന്ന് അലീഷ മൂപ്പൻ പ്രതികരിച്ചു. എ.ഐ ഉൾപ്പെടെയുള്ള ആരോഗ്യ രംഗത്തെ ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ആദ്യം അവതരിപ്പിച്ചുകൊണ്ട് രാജ്യത്തെ വൈദ്യശാസ്ത്രമികവിലേക്ക് നയിക്കാനാണ് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ലക്ഷ്യമിടുന്നത്.

അതിനുള്ള ശ്രമങ്ങൾക്ക് ലഭിച്ച വലിയ പ്രചോദനമാണ് പ്രവാസി ഭൂഷൺ പുരസ്കാരം.



# ത്രിദിന ഗൂഗിൾ ബൂട്ട് ക്യാമ്പ് കേരള സ്റ്റാർട്ടപ്പ് മിഷനിൽ

**കൊച്ചി:** ഗൂഗിൾ ഫോർ സ്റ്റാർട്ടപ്പ്സ് എഐ അക്കാദമി ഇന്ത്യ 2024 ന്റെ ത്രിദിന ബൂട്ട് ക്യാമ്പ് കളമശേരിയിലെ കേരള സ്റ്റാർട്ടപ്പ് മിഷനിൽ നടന്നു. കേന്ദ്ര ഇലക്ട്രോണക്സ് ഐടി വകുപ്പിന്റെ മൈറ്റി സ്റ്റാർട്ടപ്പ് ഹബ്, കേരള സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങി ഏഴോളം സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ബൂട്ട് ക്യാമ്പ് നടന്നത്.

ആരോഗ്യം, കാലാവസ്ഥ, കൃഷി, വിദ്യാഭ്യാസം, സാമ്പത്തിക ഉൾക്കൊള്ളൽ, സൈബർ സെക്യൂരിറ്റി, പൊതു അടിസ്ഥാന സൗകര്യം തുടങ്ങിയ മേഖലകളിൽ നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ പ്രശ്നപരിഹാരമാണ് ബൂട്ട് ക്യാമ്പിൽ പങ്കെടുത്ത സ്റ്റാർട്ടപ്പുകൾക്ക് നൽകിയ വിഷയങ്ങൾ. മാനവികതയിലൂന്നിയ നിർമ്മിതബുദ്ധി പരിഹാരങ്ങൾക്കായിരുന്നു മുൻഗണന. ആകെ 24 സ്റ്റാർട്ടപ്പുകളാണ് ക്യാമ്പിൽ പങ്കെടുത്തത്. ക്യാമ്പിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മൂന്നര ലക്ഷം ഡോളർ മൂല്യം വരെയുള്ള ക്ലൗഡ് സേവനം ഉപയോഗിക്കാനുള്ള അവസരം, സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ വിഭവശേഷി, വിദഗ്ധോപദേശം, പരിശീലനം, വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം തുടങ്ങിയവ നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നതെന്ന് കെഎസ് യുഎം സിഇഒ അനൂപ് അംബിക ചൂണ്ടിക്കാട്ടി. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇത്തരം പദ്ധതികൾക്കുള്ള വേദിയായി കേരളത്തെ തെരഞ്ഞെടുത്തത് അഭിമാനാർഹമാണെന്നും അദ്ദേഹം പറഞ്ഞു.പ്രീസീരീസ് എ വരെയുള്ള, പ്രവർത്തന മാതൃകയുള്ള, ഇന്ത്യയിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾക്കാണ് ബൂട്ട് ക്യാമ്പിൽ പങ്കെടുക്കാൻ യോഗ്യതയുള്ളത്.

നിർമ്മിത ബുദ്ധി രംഗത്തെ വിദഗ്ധർ നയിക്കുന്ന പരിശീലന പരിപാടികൾ, വ്യക്തിഗതമായ വിദഗ്ധോപദേശം, ഗൂഗിൾ ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിനുള്ള അവസരം,ലോകോത്തര കമ്പനികളുമായുള്ള സഹകരണം തുടങ്ങിയവ ലഭിച്ചു. സ്റ്റാർട്ട്, ബിൽഡ്, ഗ്രോ എന്നതായിരുന്നു ബൂട്ട് ക്യാമ്പിന്റെ പ്രമേയം.പീപ്പിൾ എഐ പ്ലസ്, റെസ്പോൺസിബിൾ എഐ തുടങ്ങിയ ആശയങ്ങളിൽ ഊന്നിനിന്നു കൊണ്ട് എങ്ങിനെ മാനവികതയിലൂന്നിയ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാമെന്നതാണ് ത്രിദിന ക്യാമ്പിൽ ചർച്ചയായത്. ഗൂഗിൾ സാങ്കേതികവിദ്യ ഉപയോഗിച്ച് എങ്ങിനെ എഐ പരിഹാരമാർഗങ്ങൾ കണ്ടെത്താം എന്ന കാര്യവും ചർച്ച ചെയ്തു. ജെനറേറ്റീവ് എഐ, ആപ്പ് ഡെവലപ്മന്റ്, വെബ് എഐ, എഐ അധിഷ്ഠിത മാർക്കറ്റിംഗ് ഫണ്ട് കണ്ടെത്തൽ, കഥപറച്ചിൽ തുടങ്ങി വിവിധ വിഷയങ്ങളിൽ ആഴത്തിലുള്ള ചർച്ചകൾ നടന്നു.കൊച്ചിയെ കൂടാതെ, ചെന്നൈ, അഹമ്മദാബാദ്, ന്യൂഡൽഹി, ഹൈദരാബാദ്, മുംബൈ, ബംഗളുരു തുടങ്ങി ഏഴ് സ്ഥലങ്ങളിലാണ് ബൂട്ട് ക്യാമ്പ് നടക്കുന്നത്. ടിഹബ് ആൻഡ് മാത്ത്, ഐഐച്എഫ്സിഐഐടി ഡൽഹി, ഐഐഎം ബംഗളുരു, ഐഐടി മുംബൈ, ഐഐടി മദ്രാസ്, ഐഐഎം അഹമ്മദാബാദ്, നാസ്കോം എഐ, പീപ്പിൾ എഐ, എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി നടത്തുന്നത്

# നിവ ബുപ ഹെൽത്ത് ഇൻഷുറൻസ് ഐപിഒയ്ക്ക്

**കൊച്ചി:** രാജ്യത്തെ പ്രമുഖ റീട്ടെയിൽ ഇൻഷുറൻസ് സേനവനദാതാക്കളായ നിവ ബുപ ഹെൽത്ത് ഇൻഷുറൻസിന്റെ പ്രാരംഭ ഓഹരി വിൽപന (ഐപിഒ) നവംബർ 11ന് അവസാനിക്കും. 70മുതൽ 74 രൂപ വരെയാണ് പ്രൈസ് ബാൻഡായി നിശ്ചയിച്ചിട്ടുള്ളത്. ഓഹരിയൊന്നിന് 10 രൂപയാണ് മുഖവില. നിക്ഷേപകർക്ക് വാങ്ങാൻ സാധിക്കുന്ന കുറഞ്ഞ ഷെയറുകളുടെ എണ്ണം 200 ആണ്. തുടർന്ന്, 200ന്റെ ഗുണിതങ്ങളായും ബിഡ് ചെയ്യാം. ഓഹരികളുടെ ഫ്രഷ് ഇഷ്യൂവിലൂടെ 800കോടി രൂപയും പ്രെമോട്ടർമാരുടെ കൈവശമുള്ള ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ 1400കോടി രൂപയും സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. ജൂണിലെ കണക്കുകൾ പ്രകാരം, രാജ്യത്താകമാനം 1.49 കോടി വരിക്കാരാണ് നിവ ബുപ ഹെൽത്ത് ഇൻഷുറൻസിനുള്ളത്.



# ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ട് ദുബായ് ഫിറ്റ്നെസ് ചലഞ്ച്

**ദുബായ്:** ശാരീരികമാനസിക ആരോഗ്യത്തിൽ വ്യായാമത്തിനുള്ള പ്രാധാന്യം ഉയർത്തിക്കാട്ടി ദുബായ് ഫിറ്റ്നെസ് ചലഞ്ച് (ഡി എഫ് സി) ആരംഭിച്ചു. എല്ലാ പ്രായത്തിലുമുള്ള ആളുകളെ ലക്ഷ്യമിട്ട് നടത്തുന്ന ചലഞ്ച് 30 ദിവസം 30 മിനിറ്റ് വീതം വ്യായാമം ചെയ്യാനാണ് ആവശ്യപ്പെടുന്നത്. ഒക്ടോബർ 26ന് ദുബായിലെ വിവിധ ഫിറ്റ്നെസ് കേന്ദ്രങ്ങളിൽ ആരംഭിച്ച ചലഞ്ചിന് വൻ സ്വീകാര്യതയാണ് ലഭിക്കുന്നത്. കൈറ്റ് ബീച്ച്, സബീൽ പാർക്ക്, അൽ വാർഖാസ് പാർക്ക്, ദുബായ് സ്റ്റാൻഡ് അപ്പ് പാഡ് തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന ഫിറ്റ്നെസ് ചലഞ്ച് ഹത്താ ഡാം ആർ ടി എ ആണ് സ്പോൺസർ ചെയ്തിരിക്കുന്നത്. നവംബർ 24ന് സമാപിക്കും.

ഫിറ്റ്നെസ് ചലഞ്ചിനൊപ്പം മറ്റ് വിവിധ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഡി എഫ് സിയുടെ ഭാഗമായി ഫിറ്റ്നെസ് വില്ലേജുകൾ, കമ്മ്യൂണിറ്റി ഹബ്ബുകൾ എന്നിവയുടെ സേവനം ഉപയോഗിക്കാം. 30 ഃ 30 ദിവസത്തെ ഫിറ്റ്നസ് ചലഞ്ചിൽ പങ്കെടുക്കുന്നവർക്ക് ആവശ്യമായ പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ തരത്തിലുള്ള വ്യയാമങ്ങൾ, കൊച്ചുകുട്ടികൾക്കായുള്ള ക്ലാസുകൾ എന്നിവ കൂടാതെ ഡെക്കാത്തലോൺ സ്പോർട്സ് കോർട്ട്, എമിറേറ്റ്സ് എൻബിഡി അക്വാ പാർക്ക്, ഡിപി വേൾഡ് ക്രിക്കറ്റ് തുടങ്ങിയവ ഉപയോഗിക്കാനുള്ള അവസരവുമുണ്ട്. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ ഉച്ചയ്ക്ക് 1 വരെയും ഉച്ച കഴിഞ്ഞ് 3 മുതൽ 11 വരെയും വാരാന്ത്യങ്ങളിൽ രാവിലെ 7 മുതൽ രാത്രി 11 വരെയും ഫിറ്റ്നെസ് വില്ലേജുകൾ പ്രവർത്തിക്കും.

ഡിപി വേൾഡ് സ്പോർട്സ് ഹബ്, ഇ& മെയിൻ സ്റ്റേജ്, എമറാത്ത് പാഡൽ കോർട്ടുകൾ, എമിറേറ്റ്സ് എയർലൈൻ റീബൗണ്ടർ, എമിറേറ്റ്സ് എൻബിഡി വാട്ടർസ്പോർട്സ്, മിറ ടീൻ ഫിറ്റ് ബോക്സ്ഡ് മാർഷ്യൽ ആർട്സ്, സൺ & സാൻഡ് സ്പോർട്സ് ബീച്ച് വോളിബോൾ, തലാബത്ത് കോർ കാർഡിയോ റെസിസ്റ്റൻസ്, യോഗ, വാസൽ ജിംനാസ്റ്റിക്സ്, വാസൽ പാർക്കൗർ, ഡബ്ല്യുഎച്ച്ഒപി ലിഫ്റ്റ് റൈഡ് റോ എന്നിവയാണ് മറ്റ് സോണുകൾ. ആക്വ ഫിഷിംഗ് അക്കാദമി ഫിറ്റ്നെസ് ഹബ്ബ്, സിറ്റി വോക്ക് ഫിറ്റ്നെസ് ക്ലബ്ബ്, ദുബായ് ഡിസൈൻ ഡിസ്ട്രിക്റ്റ് ഫിറ്റ്നെസ് ഹബ്ബ്, എക്സ്പോ സിറ്റി ദുബായ് ഫിറ്റ്നെസ് ഹബ്ബ്, ഗെയ്റ്റ് അവന്യൂ ഫിറ്റ്നെസ് ഹബ്ബ്, ഗ്ലോബൽ വില്ലേജ് ഫിറ്റ്നെസ് ഹബ്ബ്, ഗോൾഫ് ഈസ് ഗുഡ് ഫിറ്റ്നെസ് ഹബ്ബ്, റൈപ് മാർക്കറ്റ് ഫിറ്റ്നെസ് ഹബ്ബ്, വാസിൽ ഗ്രീൻ പാർക്ക് ഫിറ്റ്നെസ് ക്ലബ്ബ്, ദുബായ് ആക്റ്റീവ് തുടങ്ങിയ കേന്ദ്രങ്ങളിൽ ഫിറ്റ്നെസ് പരിശീലനത്തിനും മത്സരങ്ങൾക്കുമുള്ള അവസരമുണ്ട്. കൂടതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി www.dubaifitne-ss-challenge.com സന്ദർശിക്കുക.




# 0484 എയ്റോ ലോഞ്ച് സ്പെഷ്യൽ പോസ്റ്റൽ കവർ പ്രകാശനം ചെയ്തു

**കൊച്ചി :** നെടുമ്പാശേരി വിമാനത്താവളത്തിലെ 0484 എയ്റോ ലോഞ്ച് പ്രവർത്തനം തുടങ്ങിയതിന്റെ ഭാഗമായി, പോസ്റ്റൽ വകുപ്പ് '0484 എയ്റോ ലോഞ്ച് സ്പെഷ്യൽ പോസ്റ്റൽ കവർ' പുറത്തിറക്കി. പോസ്റ്റൽ സർവീസസ് ഡയറക്ടർ എൻ. ആർ ഗിരി, സിയാൽ എയർപോർട്ട് ഡയറക്ടർ മനു ജി. എന്നിവർ ചേർന്നാണ് സ്പെഷ്യൽ പോസ്റ്റൽ കവർ പ്രകാശനം ചെയ്തത്.

50,000 ചതുരശ്ര അടിയിലായി 37 മുറികൾ, 4 സ്യൂട്ടുകൾ, 3 ബോർഡ് റൂമുകൾ, 2 കോൺഫറൻസ് ഹാളുകൾ, ഒരു കോവർക്കിംഗ് സ്പേസ്, ജിം, സ്പാ എന്നിവയുൾപ്പെടെയുള്ള ഈ ലോഞ്ച് യാത്രക്കാർക്കും സന്ദർശകർക്കും ഒരുപോലെ ലഭ്യമാക്കാനാവും. കൊച്ചി വിമാനത്താവളത്തിൽ വച്ചു നടന്ന ചടങ്ങിൽ ആലുവ ഡിവിഷൻ പോസ്റ്റ് ഓഫീസ് സീനിയർ സൂപ്രണ്ട് ജിസി ജോർജ്, സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർ ലെനി സെബാസ്റ്റ്യൻ, സിയാൽ ഉദ്യോഗസ്ഥർ, പോസ്റ്റൽ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

# ബജാജ് ഫിൻസെർവ് കൺസപ്ഷൻ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ബജാജ് ഫിൻസെർവ് എഎംസി ബജാജ് ഫിൻസെർവ് കൺസപ്ഷൻ ഫണ്ട് അവതരിപ്പിച്ചു.

പുതിയ ഫണ്ട് ഓഫർ 22ന് അവസാനിക്കും.ബജാജ് ഫിൻസെർവ് കൺസപ്ഷൻ ഫണ്ട് ഇന്ത്യയുടെ ദ്രുതഗതിയിലുള്ള ഉപഭോഗ വളർച്ചയ്ക്ക് കൂടുതൽ സംഭാവന നൽകുന്ന എഫ്എംസിജി, ഓട്ടോമൊബൈൽസ്, കൺസ്യൂമർ ഡ്യൂറബിൾസ്, കൺസ്യൂമർ ഗുഡ്സ്, ഹെൽത്ത് കെയർ, റിയൽറ്റി, ടെലികോം, പവർ, സർവീസസ് തുടങ്ങിയ മേഖലകളിലെ അവസരങ്ങൾ തിരിച്ചറിയുന്നതിനാണ് ലക്ഷ്യമിടുന്നത്.വളർച്ചയുടെ സാധ്യതകൾ തിരിച്ചറിയുന്നതിലൂടെ ഉയർന്നുവരുന്നതും പെട്ടെന്നു വളരുന്ന ഉപഭോക്തൃ പ്രവണതകളിൽ നിന്നും പ്രയോജനം നേടുന്നതുമായ കമ്പനികളിൽ ഈ ഫണ്ട് ശ്രദ്ധ കേന്ദ്രീകരിക്കും.

ഞങ്ങളുടെ നിക്ഷേപകരുടെ പോർട്ട്ഫോളിയോകൾക്ക് ഈ ഫണ്ട് ദീർഘകാലാടിസ്ഥാനത്തിൽ മുതൽക്കൂട്ടാകുമെന്ന് ഉറച്ചു വിശ്വസിക്കുന്നതായി ബജാജ് ഫിൻസെർവ് എഎംസി സിഇഒ ഗണേഷ് മോഹൻ പറഞ്ഞു.ലംപ്സത്തിനും സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാനിനും ഏറ്റവും കുറഞ്ഞ നിക്ഷേപതുക 500 ആണ്. അലോട്ട്മെന്റ് തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ നിക്ഷേപം വീണ്ടെടുക്കുകയാണെങ്കിൽ 1% എക്സിറ്റ് ലോഡ് ചുമത്തും. ഈ ഫണ്ട് വളർച്ചയും, ഐഡിസിഡബ്ല്യു (ഇൻകം ഡിസ്ട്രിബ്യൂഷൻ കം ക്യാപിറ്റൽ പിൻവലിക്കൽ) ഓപ്ഷനുകളും വാഗ്ദാനം ചെയ്യുന്നതിനാൽ നിക്ഷേപകർക്ക് അവരുടെ നിക്ഷേപ ലക്ഷ്യങ്ങൾക്ക് അനുയോജ്യമായ ഒരു പ്ലാൻ തിരഞ്ഞെടുക്കാനാകും.ബജാജ് ഫിൻസെർവ് എഎംസിയിലെ സിഐഒ നിമേഷ് ചന്ദൻ, ഇക്വിറ്റി നിക്ഷേപങ്ങളുടെ സീനിയർ ഫണ്ട് മാനേജർ സോർഭ് ഗുപ്ത, ഡെറ്റ് നിക്ഷേപങ്ങളുടെ സീനിയർ ഫണ്ട് മാനേജർ സിദ്ധാർത്ഥ് ചൗധരി എന്നിവർ ചേർന്നാണ് ഈ ഫണ്ട് കൈകാര്യം ചെയ്യുന്നത്.

# ടാറ്റാ ഇന്ത്യ ഇന്നൊവേഷൻ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ടാറ്റാ അസറ്റ് മാനേജ്മെൻറ് ടാറ്റാ ഇന്ത്യ ഇന്നൊവേഷൻ ഫണ്ട് അവതരിപ്പിച്ചു. വിവിധ മേഖലകളിൽ നവീന തന്ത്രങ്ങളും ആശയങ്ങളും സ്വീകരിച്ച് നേട്ടം കൈവരിക്കുന്ന കമ്പനികളിൽ നിക്ഷേപിച്ച് ദീർഘകാല മൂലധന നേട്ടം നിക്ഷേപകർക്കു ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഫണ്ട് അവതരിപ്പിച്ചിരിക്കുന്നതെന്ന് ടാറ്റാ അസറ്റ് മാനേജുമെൻറ് ചീഫ് ബിസിനസ് ഓഫിസർ ആനന്ദ് വരദരാജൻ പറഞ്ഞു. പുതിയ ഫണ്ട് ഓഫർ 2024 നവംബർ 11 മുതൽ ലഭ്യമാകും.പുതുമകൾ അവതരിപ്പിക്കുന്ന കമ്പനികളുടെ തരംഗമാണ് ഇന്ത്യൻ സമ്പദ്ഘടന ദർശിച്ചു കൊണ്ടിരിക്കുന്നത്. ഇവയോരോന്നും അവയുടെ മേഖലകളിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പുതുമകൾ ഗണ്യമായ മുന്നേറ്റങ്ങൾക്കു വഴിവെക്കുകയും പുതിയ വിപണികൾ ഉണ്ടാക്കുകയും ചെയ്യും. ഇതോടൊപ്പം നിലവിലുള്ള ഉൽപന്നങ്ങളും സേവനങ്ങളും പ്രക്രിയകളും മെച്ചപ്പെടുത്തുകയും ചെയ്യും.ഗവേഷണ, വികസന പ്രവർത്തനങ്ങൾ, മിഷ്യൻ ലേണിങ്, നിർമിത ബുദ്ധി, ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ തുടങ്ങിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി പുതുമകൾ അവതരിപ്പിക്കുന്നതിൽ മുന്നിൽ നിൽക്കുന്ന കമ്പനികളെ തന്ത്രപരമായി ലക്ഷ്യമിടുന്നതായിരിക്കും ടാറ്റാ ഇന്ത്യ ഇന്നൊവേഷൻ ഫണ്ടെന്നും ടാറ്റാ ആനന്ദ് വരദരാജൻ പറഞ്ഞു.

# കേരളത്തിലെ കെട്ടിടങ്ങൾക്ക് അനുയോജ്യം തെർമൽ ഇൻസുലേഷൻ ടെക്നോളജി

**കൊച്ചി:** കെട്ടിടങ്ങൾ പണിയാൻ ഏറ്റവും അനുയോജ്യമായ സാങ്കേതിക വിദ്യ തെർമൽ ഇൻസുലേഷൻ ടെക്നോളജിയാണെന്ന് കൊച്ചി ആസ്ഥാനമായുള്ള ക്ലേസിസ് ലൈഫ്സ്റ്റൈലിന്റെ എംഡിയും പ്രമുഖ വ്യവസായിയുമായ വിനോദ് തരകൻ പറഞ്ഞു. ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (ബിഎഐ) 'ബിഎഐ എമർജ് 2024' സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'കെട്ടിടങ്ങളിൽ, വേനൽക്കാലത്ത് തണുപ്പും ശൈത്യകാലത്ത് ചൂടും ക്രമീകരിച്ചു നിർത്തുന്ന നൂതന സാങ്കേതിക വിദ്യയാണ് തെർമൽ ഇൻസുലേഷൻ ടെക്നോളജി. ഇൻസുലേഷന്റെ ഉയർന്ന താപ പ്രതിരോധ സംവിധാനമാണ് ഇത്തരത്തിൽ ഊർജ്ജ ക്ഷമത കൈവരിക്കാൻ സഹായകരമാകുന്നത്.

ക്ലേസിസ് ലൈഫ്സ്റ്റൈൽ വികസിപ്പിച്ച തെർമൽ ഇൻസുലേഷൻ ടെക്നോളജിയിലൂടെ പണിത കെട്ടിടങ്ങളിൽ വൈദ്യുതി ഉപയോഗം 80 ശതമാനത്തോളം ലഭിക്കാനായി. കേരളം പോലുള്ള ഉയർന്ന വൈദ്യുതി ഉപഭോഗ സംസ്ഥാനങ്ങളിൽ തെർമൽ ഇൻസുലേഷൻ ടെക്നോളജി വളരെ ഫലപ്രദമാണ്.' അദ്ദേഹം പറഞ്ഞു. പുത്തൻ കൺസ്ട്രക്ഷൻ ടെക്നോളജിയുടെ സാധ്യതകളെക്കുറിച്ചാണ് സെമിനാർ നടത്തിയത്. ഭാവിയിലെ നിർമാണ സാങ്കേതിക വിദ്യകൾക്ക് പുറമെ, കാർബൺ ബഹിർഗമനം കുറയ്ക്കുന്നതും ഊർജ്ജ ക്ഷമത ഉറപ്പാക്കുന്നതുമായ കെട്ടിടങ്ങളുടെ നിർമാണ രീതികളെക്കുറിച്ചും സെമിനാറിൽ ചർച്ച നടത്തി. നിർമാണ മേഖലയിലെ പ്രമുഖ ഉൾപ്പടെ മേഖലയിലെ വിദഗ്ധർ സെമിനാറിൽ പങ്കെടുത്തു.കൊച്ചിയിൽ സംഘടിപ്പിച്ച 'ബിഎഐ എമർജ് 2024' ഏകദിന സെമിനാർ കേരള സ്റ്റാർട്ട് അപ് മിഷൻ സിഇഒ അനൂപ് അംബിക ഉദ്ഘാടനം ചെയ്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !

THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663